# കാർഷിക കുറ്റപത്രം



തയ്യാറാക്കിയത്

ഹരിതസേന

**കാർഷിക കുറ്റപത്രം തയ്യാറാക്കിയത്**

**അഡ്വ : വി.ടി.പ്രദീപ് കുമാർ**

നിയമത്തിൽ ബിരുദവും പൊളിറ്റിക്കൽ സയൻസിലും പബ്ലിക് അഡ്മിനിസ്ട്രേഷനിലും ബിരുദാനന്തരബിരുദം. കേരള നിയമസഭയുടെ പഠന പരിശീലന വിഭാഗം നടത്തുന്ന Certificate Course in Parliamentary Practice and Procedure പാസ്സായ അഡ്വ: വി.ടി.പ്രദീപ് കുമാർ ഹരിതസേനയുടെ സംസ്ഥാന ചെയർമാനാണ്.

ഭരണഘടനയുടെ 202-ാം അനുച്ഛേദമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ വരുമാനവും ചെലവും മുൻകൂട്ടി കണക്കാക്കി തയ്യാറാക്കുന്ന സർക്കാരിന്റെ സാമ്പത്തിക രൂപരേഖയെയാണ് ബഡ്ജറ്റ് എന്ന് പറയുന്നത്. ഒരു രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ വാങ്ങാനുള്ള ക്രയശേഷി ജനങ്ങൾക്ക് ഉണ്ടാക്കികൊടുത്താൽ മാത്രമേ ഉത്പന്നങ്ങൾക്ക് ആവിശ്യകത (ഡിമാന്റ്) ഉണ്ടാവുകയുള്ളൂ. ഉത്പന്നങ്ങൾക്ക് ആവിശ്യകത ഉണ്ടായാൽ മാത്രമേ വ്യവസായ വികസനവും സാമ്പത്തിക വളർച്ചയും ഉണ്ടാവുകയുള്ളൂ. അതായത് ജനങ്ങളുടെ ക്രയശേഷിയെ വർദ്ധിപ്പിക്കാൻ കഴിയേണമെങ്കിൽ സർക്കാരിന്റെ ലഭ്യമായ വരുമാനവും പ്രകൃതി വിഭവങ്ങളും സാമൂഹികോത്പാദനോപാധികളും വിനിയോഗിക്കുമ്പോൾ അതിന്റെ ഫലം ആനുപാതികമായി മുഴുവൻ ജനങ്ങൾക്കും ലഭ്യമാവുന്നതും അവരുടെ ജീവിത നിലവാരത്തെ ഉയർത്താൻ പര്യാപ്തമാവുന്നതുമായ രീതിയിൽ സർക്കാരിന്റെ ചെലവിനെയും സേവനത്തെയും നിയന്ത്രിക്കുകയും ചെയ്യുന്ന മഹത്തായ ഉത്തരവാദിത്വമാണ് ഒരു ബഡ്ജറ്റിലൂടെ നിർവ്വഹിക്കപ്പെടേണ്ടത്. സർക്കാരിന്റെ ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനസംബന്ധമായ രൂപരേഖയായ ബഡ്ജറ്റ് ഒരു വരവ് ചെലവ് കണക്ക് എന്നതിലുപരി സാമ്പത്തിക സാമൂഹ്യ മണ്ഡലങ്ങളിൽ പരിവർത്തനം നടത്തുന്ന ശക്തമായ ഒരു സാമ്പത്തിക ഉപാധിയും സർക്കാരിന്റെ ഒരു നയരേഖയും കൂടിയാണ്.

ബഡ്ജറ്റ് പരിശോധിക്കുകയും പാസ്സാക്കുകയും ചെയ്യുകയെന്നത് ഒരു നിയമസഭയുടെ മൗലികമായ അവകാശവും ചുമതലയുമാണ്. ബഡ്ജറ്റ് പരിശോധനയ്ക്കും ചർച്ചയ്ക്കും വിധേയമാക്കിയ ശേഷമാണ് സഭയിൽ പാസ്സാക്കപ്പെടുന്നത്. കാരണം സംസ്ഥാനത്തിന്റെ വരുമാനം സംസ്ഥാനത്തിന്റെ സാമൂഹ്യവും സാമ്പത്തികവും ഭരണപരവുമായ പുരോഗതിക്കുവേണ്ടി വിനിയോഗിക്കപ്പെടുമ്പോൾ നികുതി നൽകുന്ന സാധാരണക്കാരന്റെ താൽപര്യങ്ങൾ സംക്ഷിക്കപ്പെടാൻ വേണ്ടിയാണിത്. എന്നാൽ നമ്മുടെ സംസ്ഥാനസർക്കാറുകൾ കാലാകാ

ലങ്ങളിൽ നിയമസഭയ്ക്ക് മുന്നിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് പാസ്സാക്കിയ ബഡ്ജറ്റുകൾ ഈ ഉത്തരവാദിത്വം നിറവേറ്റിയോ എന്നതാണ് ഈ കുറ്റപത്രം പരിശോധിക്കുന്നത്. ഈ കുറ്റ പത്രത്തിൽ 13-ാം കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട നാല് ബഡ്ജറ്റുകളിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് വിശകലനം ചെയ്യപ്പെടുന്നത്. കാരണം ഈ നാല് ബഡ്ജറ്റുകൾ അവതരപ്പിച്ച നമ്മുടെ ധനകാര്യ വകുപ്പ് മന്ത്രിയുടെ രണ്ട് വാക്കുകൾ തന്നെ കടമെടുത്താൽ -കാർഷി കമേഖലയെ അവഗണിച്ചുകൊണ്ട് വികസനകാര്യത്തിൽ സംസ്ഥാനത്തിന് മുന്നേറാനാവില്ല (ബഡ്ജറ്റ് പ്രസംഗം 2012-13) കാർഷിക മേഖലയുടെ വളർച്ചയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ പൊതു വികസനം സ്ഥിതിചെയ്യുന്നത്.(ബഡ്ജറ്റ് പ്രസംഗം 2013-14) കാർഷികമേഖലയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് ആയതിനാലാണ് ആദ്യ കുറ്റപത്ര ത്തിൽ കാർഷിക മേഖലയെ തിരഞ്ഞെടുത്തത്. മറ്റ് മേഖലക ളിലെ കാര്യവും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

ഇത് ഇപ്പോഴത്തെ സർക്കാർ അവതരിപ്പിച്ച നാല് ബഡ്ജ റ്റുകൾക്കെതിരായ കുറ്റപത്രം മാത്രമാണ്. അതുകൊണ്ട് കഴിഞ്ഞ സർക്കാറിന്റെ കാലത്തെ കാര്യങ്ങൾ ശരിയായിരുന്നുവെന്ന് ഇതു കൊണ്ട് അർത്ഥമാക്കുന്നില്ല. നാല് വർഷങ്ങൾക്ക് മുമ്പുള്ള ബഡ്ജറ്റായതിനാൽ വിവരങ്ങൾ ക്രോഡീകരിച്ചെടുക്കാനുള്ള കാലതാമസം കൊണ്ടാണ് അക്കാര്യങ്ങൾ ഇതിൽ ചേർക്കാതെ പോവുന്നത്. എന്നാലും ലഭിച്ച വിവരങ്ങളനുസരിച്ച് അവയുടെ അവസ്ഥയും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലായെന്നാണ് മനസ്സിലായത്. അക്കാര്യങ്ങൾ തുടർന്നുള്ള വായനയിൽ താങ്കൾക്ക് ബോധ്യമാവുന്നതാണ്. അതുകൊണ്ട് ഈ കുറ്റപത്രം ഭരണപക്ഷത്തിനെതിരെ പ്രതിപക്ഷത്തിന് ഉപയോഗിക്കാനുള്ള ഒരു ആയുധമല്ല. മഴയും മഞ്ഞും വെയിലും കൊണ്ട് കാട്ടുമൃഗ ങ്ങളോടും കാലാവസ്ഥയോടും പടപൊരുതി രാപ്പകൽ വ്യത്യാ സമില്ലാതെ മണ്ണിൽ പണിയെടുക്കാൻ വേണ്ടി മാത്രം വിധിക്ക പ്പെട്ട കർഷകരും കർഷക തൊഴിലാളികളും ഉൾപ്പെടുന്ന സമൂ

ഹത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾ ഖജനാവിലേക്ക് നിറയ്ക്കുന്ന നികുതിപണം തങ്ങളുടെ സുഖസൗകര്യത്തിനായി മാത്രം ചിലവഴിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന ഭരണകൂടത്തിനെതിരായിട്ടുള്ള കുറ്റപത്രമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അവതരിപ്പിക്കപ്പെട്ട നാല് ബഡ്ജറ്റുകളിലും കർഷകർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് നാം ആദ്യം വായിക്കേണം. ഓരോ പദ്ധതിയുടേയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിവരാവകാശ നിയമപ്രകാരം ഞങ്ങൾ ചോദിച്ചപ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടിയും കൂട്ടി വായിച്ചാൽ മാത്രമേ എന്ത് കൊണ്ടാണ് ഒരു കുറ്റപത്രം ഉണ്ടാക്കാൻ ഞങ്ങളെ പ്രേരിപ്പിച്ച ഘടകം എന്ന് താങ്കൾക്ക് മനസ്സിലാവും. . 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ മുഖമുദ്രയെന്ന് മന്ത്രി കെ.യം.മാണി വിശേഷിപ്പിച്ച മുൻഗണനാ പരിപാടികൾ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 9-ാം പേജിലാണ് ആരംഭിക്കുന്നത്. മുൻഗണനാ പരിപാടികളിൽ കാർഷികമേഖലക്ക് പുത്തൻ ഉണർവ്വ് എന്ന തലക്കെട്ടിൽ കാർഷിക മേഖലക്ക് വേണ്ടി അനുവദിക്കപ്പെട്ട പദ്ധതികളെക്കുറിച്ചുള്ള മന്ത്രിയുടെ പ്രസംഗം.

**2012-13 ബഡ്ജറ്റ് പ്രസംഗം പേജ് 9 :** കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം കാർഷികമേഖല ഏറ്റവും പിന്നോട്ട് പോയ വർഷങ്ങളായിരുന്നു 2007 മുതൽ 2009 വരെയുള്ളത്. കാർഷികമേഖലയെ അവഗണിച്ചുകൊണ്ട് വികസന കാര്യത്തിൽ സംസ്ഥാനത്തിന് മുന്നേറാനാവില്ല. അതിനാൽ കാർഷിക മേഖലയുടെ പുനരുജ്ജീവനമായിരിക്കേണം നമ്മുടെ ലക്ഷ്യം. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക രംഗത്ത് പുത്തനുണർവ്വ് നൽകാൻ വേണ്ടി ഹൈടെക് കൃഷി രീതി വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുകയും ഉയർന്ന ഉത്പാദന ക്ഷമതയും ഗുന്നമേന്മയും ലഭ്യമാക്കുകയും ചെയ്യുന്നുവെന്നതാണ് ഹൈടെക് കൃഷി രീതിയുടെ പ്രധാന മേന്മകൾ. നിയ

ന്ത്രിത അളവിലും കൂടുതൽ കാര്യക്ഷമമായും ജല വിനിയോഗം സാധ്യമാക്കുന്ന മൈക്രോ ഇറിഗേഷൻ, ന്യൂട്രിയന്റ് വളപ്രയോഗം, ഗ്രീൻ ഹൗസ്, കാർബൺഡൈ ഓക്സൈഡ് പ്രയോഗം, മണ്ണിനെ അമിതമായി ആശ്രയിക്കാത്ത കൃഷി രീതി, മുന്തിയ സങ്കരയിനം വിത്തുകളുടെ ഉപയോഗം എന്നീ ഘടകങ്ങളാണ് പ്രധാനമായും ഹൈടെക് കൃഷി രീതിയിൽ പ്രയോജനപ്പെടുത്തുന്നത്.

അനുയോജ്യമായ ആധുനിക സാങ്കേതിക വിദ്യ സമന്വയിപ്പിച്ച് നെല്ലുത്പാദനം വർദ്ധിപ്പിക്കുകയും അനുബന്ധ ഉത്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാവും വിധം വിപണനം ചെയ്യുവാൻ സാധിക്കുകയും ചെയ്താൽ കേരളത്തിലെ നെൽകൃഷിക്കാരുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ റൈസ് ബയോ പാർക്ക് സംവിധാനത്തിലൂടെ സാധിയ്ക്കും. ഇതിനായി കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്ടും പാലക്കാട്ടും രണ്ട് റൈസ് ബയോ പാർക്കുകൾ സ്ഥാപിക്കാൻ ഈ ഗവണ്മന്റ് തീരുമാനിക്കുന്നു. ഈ പ്രദേശങ്ങളിലെ ചെറുകിട നെൽകൃഷിക്കാരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ടാണ് ബയോ പാർക്കിന് ആവശ്യമായ നെല്ലും അനുബന്ധ ഉൽപ്പന്നങ്ങളും സംഭരിക്കുക. നാല് മുതൽ 6 ടൺ വരെ കപ്പാസിറ്റിയുള്ള അരിയുൽപാദന യൂണിറ്റുകൾ ഓയിൽ എക്സ്ട്രാക്റ്റ് ചെയ്ത ശേഷം കാലിത്തീറ്റ നിർമ്മിക്കുന്ന എക്സ്പെല്ലർ യൂണിറ്റ്, വൈക്കോൽ തവിടുമായി ബ്ലന്റ് ചെയ്തുള്ള കാലിത്തീറ്റ ഉൽപാദനം, നെല്ലിന്റെ പുറംതോടുപയോഗിച്ച് വൈദ്യുതി ഉൽപാദനം, വൈക്കോൽ അവശിഷ്ടങ്ങൾ ഉപയോഗിച്ച് കൂൺ കൃഷി എന്നിവയാണ് റൈസ് ബയോ പാർക്കിലൂടെ വിഭാവനം ചെയ്യുന്നത്. പ്രൊ. എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷനിൽ നിന്ന് ഇതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കും. പൊതു-സ്വകാര്യ-കർഷക കൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ പ്രത്യേക കമ്പനികൾ രൂപീകരിച്ച് പ്രസ്തുത പാർക്കുകളുടെ പ്രവർത്തനം നടത്തുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുട്ടനാടും പാലക്കാടും പ്രഖ്യാപിച്ച റൈസ് ബയോ പാർക്കുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് വകയിരുത്തിയ 10 കോടി രൂപ ചിലവഴിച്ചിട്ടില്ല.**

**2012-13 ബഡ്ജറ്റ് പ്രസംഗം പേജ് 10,11** : കേരളത്തിൽ നാളികേര കൃഷി നശിച്ചുകൊണ്ടിരിക്കുകയും അതിനോടുള്ള ആഭിമുഖ്യം നാൾക്കുനാൾ കുറഞ്ഞ് വരികയുമാണ്. കേരളത്തിന്റെ നട്ടെല്ലായ കേരകൃഷിയെ സമുദ്ധരിക്കേണ്ടത് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. സുസ്ഥിരമായ ഉത്പാദനക്ഷമതാ വർദ്ധനവ് കൈവരിച്ചും എല്ലാ അനുബന്ധ ഉത്പന്നങ്ങൾക്കും മൂല്യവർദ്ധനവ് നേടിയെടുത്തും വിപണി മൂല്യം പരമാവധി ഉയർത്തിയും കർഷക കൂട്ടായ്മ വളർത്തിയും കർഷക രക്ഷക്കായി നാളീകേര ബയോപാർക്കുകൾ സ്ഥാപിക്കുവാൻ ഈ ഗവണ്മന്റ് തീരുമാനിക്കുന്നു. അനുയോജ്യമായ സാങ്കേതിക വിദ്യ വിന്യസിപ്പിച്ച് കൊണ്ട് നാളികേര ഉത്പാദനം രണ്ടിരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ശുദ്ധ വെളിച്ചണ്ണ, നാളീകേര പൗഡർ, നാളീകേര ചിപ്സ്, തേങ്ങാപാൽ, മിൽക്പൗഡർ, വിവിധ കയർ ഉൽപ്പന്നങ്ങൾ, കയർകൊണ്ടുള്ള ഭൂതല ആവരണം തുടങ്ങി കർഷകന് കൂടുതൽ ആദായം നേടിത്തരുന്ന നിരവധി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഈ ബയോപാർക്കിൽ ഉത്പാദിപ്പിക്കപ്പെടുക. തെക്കൻകേരളത്തിലും മധ്യകേരളത്തിലും വടക്കൻ മേഖലയിലുമായി മൂന്ന് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. ഈ പാർക്കിന്റെ നടത്തിപ്പും റൈസ് പാർക്കിന്റെ മാതൃകയിൽ സജ്ജീകരിക്കുന്നതാണ്. ഇതിനായി 15 കോടി രൂപ ബഡ്ജറ്റിൽനീക്കിവെക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തെക്കൻ കേരളത്തിലും**

**മധ്യകേരളത്തിലും വടക്കൻ കേരളത്തിലും പ്രഖ്യാപിച്ച നാളി കേര ബയോ പാർക്കുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതു കൊണ്ട് വകയിരുത്തിയ 15 കോടി രൂപ ചിലവഴിച്ചിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 11,12 :** കാർഷിക മേഖ ലയിൽ വൻകുതിച്ചുചാട്ടത്തിന്റെ നാന്ദി കുറിക്കുന്ന അത്യാധു നിക സാങ്കേതികവിദ്യയായ ഗ്രീൻ ഹൗസ് പദ്ധതി കേരളത്തിലെ എല്ലാ പ്രദേശത്തും വ്യാപിപ്പിക്കുന്നതിനുള്ള ഒരു പരിപാടി 2012–13 ബഡ്ജറ്റിൽ ഞാൻ പ്രഖ്യാപിക്കുന്നു. ഏറ്റവും ഗുണമേ ന്മയുള്ള മൂല്യവർദ്ധിത പച്ചക്കറി വർഷത്തിലുടനീളം ഉപഭോ ക്താക്കളിലെത്തിക്കാനുള്ള ബൃഹത് പദ്ധതിയാണിത്. ഗ്രീൻഹൗ സുകളിലെ നിയന്ത്രിത കാലാവസ്ഥയിൽ ഇവ ഉത്പാദിപ്പിക്കു കയും ഗുണമേന്മയും മൂല്യവർദ്ധനവും വരുത്തി വിപണി സാധ്യത ഉറപ്പാക്കുകയും ചെയ്യും. സൂക്ഷ്മകൃഷിയുടെ തത്വം അനുസരിച്ച് ഓരോ വിളയുടേയും ഹൈബ്രിഡ് വിത്തു പാകുന്ന ദിവസം മുതൽ അനുവർത്തിക്കേണ്ട പരിചരണ മുറ കളെപ്പറ്റി ജില്ലാതല വിദഗ്ദസംഘം പരിശീലനം നൽകും. ഗ്രീൻ ഹൗസിലെ ചെടിയുടെ ഉത്പാദന ക്ഷമത തുറസ്സായ സ്ഥലത്തെ അപേക്ഷിച്ച് മൂന്നുമുതൽ പത്തിരട്ടിവരെ കൂടുതലാണ്. നമ്മുടെ സൂപ്പർ മാർക്കറ്റുകളിൽ അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വിദേശ പച്ചക്കറികൾ പോലും ഏതു സമയത്തും സൂക്ഷ്മ കൃഷിയിലൂടെ നമ്മുടെ ഗ്രീൻഹൗസിൽ ഉത്പാദിപ്പി ച്ചെടുക്കുകയും മുന്തിയ വിലയ്ക്ക് വില്ക്കുകയും ചെയ്യാം. പച്ച ക്കറി ഉത്പാദനത്തിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത നേടി യെടുക്കുന്നതിന് ഇത് സഹായകമാകും.

കേരളത്തിലെ ഓരോ പഞ്ചായത്തിലുമുള്ള സഹകരണ ബേങ്കുകൾക്കോ കർഷകസംഘങ്ങൾക്കോ കർഷകർക്കോ 10 സെന്റ് തുറസ്സായ സ്ഥലത്ത് 4.5 ലക്ഷം രൂപ മുതൽ മുടക്കിൽ ഗ്രീൻഹൗസുകൾ സ്ഥാപിക്കാവുന്നതാണ്. നൂതനമായ ഈ പദ്ധ തിയുടെ നടത്തിപ്പിനാവിശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിനുവേണ്ടി ഓരോ ജില്ലയിലും ജില്ലാ കൃഷി ഓഫീ സറുടെ നേതൃത്വത്തിൽ വിദഗ്ദസമിതികൾക്ക് രൂപം കൊടുക്കും.

ഇതിന്റെ ചെലവിന്റെ 75 ശതമാനം തുക കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സബ്സിഡിയായി ലഭ്യമാക്കുന്നതാണ്. ബാക്കി വരുന്ന 25 ശതമാനം തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് വായ്പയായോ സ്വരൂപിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലും മൂന്നുവീതം ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്നതാണ്. ഇതിനാവിശ്യമായ സർക്കാർ വിഹിതമായി 45 കോടി രൂപ മാറ്റി വെക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ പദ്ധതിക്ക് കീഴിൽ ആകെ 286 പോളീഹൗസുകൾ നിർമ്മിച്ചിക്കുണ്ട്. ഈ വകയിൽ ആകെ ചിലവഴിച്ച തുക 2,60,20,327 രൂപ.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 24** : കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപാദന വർദ്ധനവിനായി ഒരു സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 100 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു. ഇതിൽ 50 കോടി രൂപ നെൽകൃഷിക്കായി വിനിയോഗിക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 24** : നാളീകേരത്തിന്റെ ഉൽപാദനം മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളീകേരകൃഷി ലാഭകരമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര നാളീകേര വികസന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നു. (ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രഖ്യാപനം പ്രസക്തമല്ല.)

**2012-13 ബഡ്ജറ്റ് പ്രസംഗം പേജ് 25** : ചിതറിക്കിടക്കുന്ന ചെറുകിട നാമമാത്ര തെങ്ങ് കർഷകർക്ക് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി ഓരോ ഗ്രാമത്തിലും കേരകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് നാളീകേര ഉൽപാദകസംഘങ്ങൾ രൂപീകരിക്കുന്നതാണ്. അങ്ങനെയുള്ള ഉൽപാദകസംഘങ്ങളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ ഫെഡറേഷൻ രൂപീകരിക്കുന്നതുമാണ്. (ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രഖ്യാപനം പ്രസക്തമല്ല.)

**ഹരിത സേനയ്ക്ക് പറയാനുള്ളത്** : നാളികേര വികസന ബോർഡിന്റെ കീഴിൽ രൂപീകരിക്കപ്പെട്ട ഉത്പാദകസംഘങ്ങൾ ഫെഡറേഷൻ കമ്പനി എന്നീ ത്രിതല സംവിധാനത്തിലൂടെ നാളികേര വികസബോർഡ് വിഭാവനം ചെയ്ത പോലെ കർഷകന്റെ നിയന്ത്രണത്തിലുള്ള കമ്പനികളുടെ പ്രവർത്തനം ആരംഭിച്ചാൽ നീരയുടെ ഉത്പാദനവും വിതരണവും അതിലുപരി വില നിശ്ചയിക്കാനുള്ള അധികാരവും കർഷകന് ലഭിക്കും. അങ്ങനെ വരുമ്പോൾ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഒരു തുള്ളി നീരപോലും സ്വകാര്യ കമ്പനികൾക്ക് ലഭിക്കില്ല. സ്വകാര്യ കമ്പിനികൾക്ക് നീര ലഭിക്കേണമെങ്കിൽ നാളികേര വികസന ബോർഡിന്റെ കീഴിലുള്ള സംഘങ്ങളെയും ഫെഡറേഷനുകളെയും ഇല്ലാതാക്കേണം. ഇതിനു വേണ്ടിയായിരുന്നു സംസ്ഥാന സർക്കാർ നാളികേര വികസന ബോർഡിന് സമാന്തരമായി വർഷങ്ങൾക്ക് മുമ്പ് പൂട്ടിപോയ നാളികേര വികസന കോർപ്പറേഷനെ പൊടിതട്ടിയെടുത്ത് അതിന് കീഴിൽ ഉത്പാദക സംഘങ്ങൾ ഫെഡറേഷൻ എന്നിവ രൂപീകരിക്കാൻ പദ്ധതി പ്രഖ്യാപിച്ചത്. പക്ഷേ ഇത് തിരിച്ചറിഞ്ഞ കർഷകർ സർക്കാരിന്റെ ശ്രമങ്ങളെ പരാജയപ്പെടുത്തുകയായിരുന്നു. അതായത് നീരയുടെ ഉത്പാദനവും സംഭരണവും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണവും ചില സ്വകാര്യകമ്പിനികളുടെ കൈകളിൽ എത്തിക്കാനുള്ള ഒരു ഗൂഡാലോചനയിൽ നിന്നുമായിരുന്നു ഈ ആശയം രൂപം

കൊണ്ടത്. അതുകൊണ്ട് തന്നെ നാളികേര വികസനബോർഡിൽ പൂർണ്ണമായ വിശ്വാസമുള്ള കർഷകരെ അടർത്തിയെടുക്കാൻ കഴിയാത്തതിനാൽ ഇത്തരത്തിൽ ഒരു സംഘവും ഫെഡ റേഷനും നാളിതുവരെ രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന താണ് വസ്തുത..

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 25** : നാളീകേര വിക സന ബോർഡിന്റെ ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂ ട്ടത്തിൽ പരിശീലനം നേടി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 5000 പേരിൽ ബേങ്ക് വായ്പ എടുത്ത് ഇരുചക്രവാഹനങ്ങൾ വാങ്ങു ന്നവർക്ക് 25 ശതമാനം സബ്സിഡി (പരമാവധി 12500 രൂപ) നൽകുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ ഇന ത്തിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 25** : കരിക്കിൻവെള്ള സംസ്കരണം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ചിപ്സ് എന്നീ നൂതന നാളീകേര വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിന്റെ പുതിയ യൂനിറ്റുകൾക്ക് നാളീകേര ബോർഡിന്റെ സഹായത്തിനു പുറമെ മൂലധനചിലവിന്റെ 25 ശതമാനം തുക (പരമാവധി 25 ലക്ഷം വരെ) സബ്സിഡിയായി നൽകുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ പദ്ധതിയിൽ ആർക്കും സബ്സിഡി നൽകിയിട്ടില്ലാത്തതിനാൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 25** : വെട്ടിക്കളയുന്ന തെങ്ങിൻതടി നിലവിൽ കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല. തെങ്ങുകൃഷി പുനർജീവന പദ്ധതിയിൽ മാത്രം കേരളത്തിൽ ഏകദേശം 10 ലക്ഷത്തോളം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉൽപന്ന വൈ വിധ്യവൽക്കരണത്തിനുമായി പ്രൈമറി പ്രോസസിങ്ങിനുവേണ്ടി

കേരഫെഡ് – എഫ്.ഐ.ടി. സംരംഭത്തിന് 5 കോടി രൂപ അനുവദിക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുക അനുവദിച്ചിട്ടില്ല. പദ്ധതി ആരംഭിച്ചിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 25** : ജൈവകൃഷി പ്രോത്സാഹനത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 25** : ഉൽപ്പന്നങ്ങൾക്ക് മതിയായ വിലയും ഉപഭോക്താവിന് ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കളും മിതമായ നിരക്കിൽ നൽകാനുള്ള സർക്കാർ സംരംഭത്തിന്റെ ഭാഗമായി കൃഷിവകുപ്പിന്റെ കീഴിലുള്ള ആനയറ, മരട്, വേങ്ങേരി എന്നീ മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർ മാളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്. ഇതുൾപ്പെടെയുള്ള വിപണന സംഭരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : അഗ്രി മാളുകൾ ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2012–13 ബഡ്ജറ്റ് പ്രസംഗം പേജ് 26** : സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷന് പഴം–പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, കശുവണ്ടി, കൊക്കൊ, സുഗന്ധവിളകൾ എന്നിവയുടെ വിവിധ വികസന പദ്ധതികൾക്ക് ഈ വർഷം സംസ്ഥാന വിഹിതമായി 11 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2012-13 ബഡ്ജറ്റ് പ്രസംഗം പേജ് 26** : വാഴക്കുളത്ത് ഉൽപ്പാദിപ്പിക്കുന്ന കൈതച്ചക്കക്ക് 2009 വാഴക്കുളം പൈനാപ്പിൾ എന്ന ഭൂസൂചിക ലഭിക്കുകയുണ്ടായി. ഇതിന്റെ വമ്പിച്ച കയറ്റു മതി സാധ്യത പരിഗണിച്ചും കൈതച്ചക്കയുടെ ഉൽപാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ ഒരു സമഗ്ര വികസനം ലക്ഷ്യമാക്കിയും പൈനാപ്പിൾ മിഷൻ ആരംഭിക്കുന്നതാണ്. ഇതിലേക്ക് ഒരു കോടി രൂപ വകയിരിത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ കുറിച്ച് ഹരിതസേനയ്ക്ക് പറയാനുള്ളത്** : ഒരു ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിന്റെ ഏകാധിപത്യ പ്രവണതയിൽ നിന്നും ജനാധിപത്യത്തെ സംരക്ഷിക്കുകയും ജനങ്ങളുടെ ആവിശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്യേണ്ട കടമ പ്രതിപക്ഷത്തിന്റെതാണ്. എന്നാൽ 2012-13 ബഡ്ജറ്റ് അവതരിപ്പിച്ച് ഒരു വർഷം കഴിഞ്ഞ് 2013-14 ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴെങ്കിലും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി ഏതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നും നടപ്പിലാക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തി സർക്കാരിനെ കൊണ്ട് അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പ്രതിപക്ഷത്തിന്റെ കടമയാണ്. അതിനു വേണ്ടി പ്രതിപക്ഷത്തിന് ലഭിക്കുന്ന അവസരങ്ങളാണ് ചോദ്യോത്തര വേളകളും അടിയന്തിര പ്രമേയവും ശ്രദ്ധക്ഷണിക്കൽ നടപടികളും. പക്ഷേ കേരള നിയമസഭയിലെ പ്രതിപക്ഷത്തിന് ജനങ്ങളെ ബാധിക്കുന്ന ഇത്തരം കാര്യങ്ങളെ കുറിച്ച് സഭയുടെ ശ്രദ്ധക്ഷണിക്കാനോ സഭയിൽ അടിയന്തിര പ്രമേയം അവതരിപ്പിക്കാനോ ചർച്ച ചെയ്യാനോ നിയമസഭയിൽ സമയം ഉണ്ടാവാറില്ലായെന്നതാണ് വാസ്തവം. സരിതനായരും ബിജു രമേശും ഉയർത്തിയ ആരോപണങ്ങളിൽ നിന്നും പ്രതിപക്ഷം രാഷ്ട്രീയ

ലാഭം ഉണ്ടാക്കിയപ്പോൾ നഷ്ടം സംഭവിച്ചത് ജനങ്ങൾക്ക് മാത്ര മാണ്. സരിതനായരും ബിജു രമേശും ഉയർത്തിയ ആരോപ ണങ്ങളെ ഞങ്ങൾ നിസ്സാരവൽക്കരിക്കുകയല്ല. മറിച്ച് എ.കെ. ജിയെയും, കൃഷ്ണപിള്ളയെയും ഇ.എം.എസ്സിനെ പോലെയു മുള്ള മഹാന്മാർ നയിച്ചിരുന്ന, കേരളത്തിലെ ജനങ്ങൾ എന്നും മനസ്സിൽ ഇടം നൽകിയിരുന്ന സി.പി.യം. എന്ന യഥാർത്ഥ ഇട തുപക്ഷ പ്രസ്ഥാനം ഇന്ന് കേരളത്തിലുണ്ടായിരുന്നുവെങ്കിൽ ജനവഞ്ചന മുഖമുദ്രയായുള്ള അഴിമതിയിൽ മുങ്ങികുളിച്ച ഈ സർക്കാരിന് മൂന്നു വർഷത്തിൽ കൂടുതൽ ഭരണത്തിലിരിക്കാൻ കഴിയുമായിരുന്നില്ലായെന്ന യാഥാർത്ഥ്യത്തെ കണ്ടില്ലായെന്ന് നടിക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല.

## 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കർഷകര ക്ഷാപരിപാടികൾ എന്ന പേരിലാണ് കാർഷികമേഖലയിലെ പദ്ധ തികൾ പ്രഖ്യാപിച്ചത്.

**2013–14 ബഡ്ജറ്റ് പ്രസംഗം പേജ് 7** : നമ്മുടെ സമ്പത് വ്യവസ്ഥയുടെ നട്ടെല്ല് കർഷകരാണ്. കാർഷിക മേഖലയുടെ വളർച്ചയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ പൊതു വികസനം സ്ഥിതി ചെയ്യുന്നത്. നിർഭാഗ്യം എന്ന് പറയട്ടെ ഈ മേഖല തളർന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ കർഷക സമ്പദ് വ്യവസ്ഥയുടെ മുന്നേറ്റത്തിനും കർഷകരക്ഷ ഉറപ്പുവരുത്തു ന്നതിന് വേണ്ടി താഴെ പറയുന്ന സുപ്രധാന പദ്ധതികൾ പ്രഖ്യാ പിക്കുന്നു.

ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്ത ള്ളുന്നു. ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറു കിട കർഷകർ സഹകരണ ബാങ്കുകൾ വഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 15–3–2013 ൽ കൊടുത്തുതീർക്കാൻ അവശേഷിക്കുന്ന കുടിശ്ശിക തുക മുഴുവൻ സർക്കാർ എഴുതി തള്ളുന്നു. വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്കാ

യിരിക്കും ഈ പലിശ സൗജന്യം നൽകുക. അതുമൂലം ഉളവാകുന്ന സാമ്പത്തിക ബാദ്ധ്യത സഹകരണ സ്ഥാപനങ്ങൾക്ക് ഗവണ്മന്റ് നികത്തികൊടുക്കുന്നതാണ്. ഇതിലേക്ക് 50 കോടി രൂപ മാറ്റിവെക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : കുടിശ്ശിക തുക എഴുതി തള്ളുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.**

**ഹരിതസേനയ്ക്ക് പറയാനുള്ളത്** : സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ പരമാവധി താമസിപ്പിച്ചാൽ ആ സമയ പരിധിക്കുള്ളിൽ ബേങ്കുകൾക്ക് ജപ്തി നടപടിയിലൂടെ വായ്പക്കാരനിൽ നിന്നും കുടിശ്ശിക തുക ഈടാക്കാൻ അവസരം ലഭിക്കുകയും ഉത്തരവ് വരുമ്പോഴേക്കും വായ്പക്കാരുടെ കുടിശ്ശിക തീരുകയും ചെയ്യും. പിന്നെ ഈ ഇനത്തിൽ തുകയൊന്നും ചിലവഴിക്കേണ്ടതില്ല. അതുകൊണ്ടാണ് പദ്ധതി പ്രഖ്യാപിച്ച് മൂന്നു വർഷം കഴിഞ്ഞിട്ടും ഒരു സർക്കാർ ഉത്തരവ് പോലും ഇറക്കാൻ സർക്കാരിന് താൽപര്യമില്ലാത്തത്.

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 8** : എല്ലാ ചെറുകിട കർഷകർക്കും പലിശരഹിത കാർഷിക വായ്പ ഉറപ്പാക്കുന്നു. ഒരു ഹെക്ടറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് ഇനി മുതൽ പലിശരഹിത വായ്പ സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നതാണ്. അവർ സഹകരണ ബാങ്കുകളിൽ നിന്ന് എടുക്കുന്ന നബാർഡ് റീഫൈനാൻസ് ചെയ്യുന്ന കാർഷിക വായ്പയ്ക്ക് കൊടുക്കേണ്ട പലിശ ഇനി മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതും അതുമൂലമുണ്ടാവുന്ന സാമ്പത്തിക ബാദ്ധ്യത സംസ്ഥാന ഗവണ്മന്റ് സഹകരണ ബാങ്കുകൾക്ക് നികത്തികൊടുക്കുന്നതാണ്. വാണിജ്യ ബാങ്കുകളിൽ നിന്നോ സ്വകാര്യ ബാങ്കുകളിൽ നിന്നോ എടുക്കുന്ന മറ്റുതരം ഹ്രസ്വകാല കാർഷികവായ്പകൾ പരമാവധി 4% പലിശയ്ക്ക് കേന്ദ്ര സഹായത്തോടെ കർഷകർക്ക് ലഭ്യമാകുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ലഭിക്കേണ്ട 2,71,09,578 രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് നൽകിയെങ്കിലും തുക അനുവദിച്ച് ഉത്തരവായിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 8 :** കാർഷികവായ്പാ തിരിച്ചടവിന് റിസ്ക്ക് ഇൻഷൂറൻസ്. വായ്പയെടുത്ത കുടുംബനാഥൻ മരണപ്പെടുകയോ നിത്യരോഗങ്ങൾ മൂലമോ അപകടങ്ങൾമൂലമോ കിടപ്പിലായി കാർഷികവായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നാൽ ആ വ്യക്തികളുടെ നോൺ പെർഫോമിംഗ് അസറ്റ്സ് ഏറ്റെടുത്ത് കടക്കാർക്ക് പൂർണ്ണ സംരക്ഷണം നൽകുന്നതിന് റിസ്ക് ഇൻഷൂറൻസ് പദ്ധതി വിപുലീകരിക്കുന്നതാണ്. ദാരുണമായ അവസ്ഥയിൽപ്പെടുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഈ പദ്ധതി അനുഗ്രഹമായിരിക്കും.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇതുവരെ മറുപടി ഒന്നും ലഭിച്ചിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 9 :** കാർഷികാദായ നികുതിയിൽനിന്നും വ്യക്തികളെ ഒഴിവാക്കൽ. കേരളത്തിന്റെ വളർച്ചയിൽ കാർഷികമേഖലയ്ക്കുള്ള പങ്ക് മർമ്മപ്രധാനമാണ്. എന്നാൽ ഈ മേഖലയിലുള്ള വളർച്ച പരിമിതമായതിനാൽ അത് ത്വരിതപ്പെടുത്താനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുള്ള ഒരു മാർഗ്ഗം നികുതി ഘടനയുടെ പരിഷ്ക്കാരമാണെന്ന് ഞാൻ വിചാരിക്കുന്നു. കാർഷികാദായത്തിന് നികുതി ഈടാക്കുന്ന ചുരുക്കം സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തമിഴ്നാട് ഇതിനകം ഇതൊഴിവാക്കുകയും കർണ്ണാടകം ഈ നികുതി കമ്പനികൾക്ക് മാത്രമായി നിജപ്പെടുത്തുകയുമുണ്ടായി. പ്ലാന്റേഷൻ സ്റ്റഡി കമ്മറ്റി വളരെമുമ്പുതന്നെ ഈ നികുതി ഒഴിവാക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ആകെ പിരിച്ചെടുക്കുന്ന കാർഷികാദായ നികുതിയിൽ 10 ശതമാനത്തിനു താഴെയാണ് കമ്പനികളല്ലാത്ത നികുതിദായകരിൽ നിന്നും ലഭ്യ

മാകുന്നത്. ഈ സാഹചര്യത്തിൽ കർഷകർക്ക് ഉത്തേജനം നൽകുന്നതിനായി കമ്പനികളല്ലാത്ത കാർഷിക നികുതിദായ കരെ കാർഷികാദായ നികുതിയിൽ നിന്നും സമ്പൂർണ്ണമായും ഒഴിവാക്കുന്നു. (**കർഷകർക്ക് പ്രത്യേക ഗുണമൊന്നുമില്ലാത്ത തിനാൽ വിവരങ്ങൾ ചോദിച്ചിട്ടില്ല.**)

**2013–14 ബഡ്ജറ്റ് പ്രസംഗം പേജ് 9 :** സംയോജിത കൃഷി ത്തോട്ടപദ്ധതി. കാർഷിക മേഖലയക്ക് മൂല്യ വർദ്ധനയിലൂടെ ഒരു പുത്തനുണർവ്വ് നൽകുവാൻ ഹൈടെക് കൃഷിരീതി ഉൾപ്പെടെ വിവിധ പദ്ധതികൾ ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ ആവി ഷ്ക്കരിച്ചിരുന്നു. കേരളത്തിലെ ശരാശരി ലാൻഡ്ഹോൾഡിംഗ് 0.27 ഹെക്ടർ മാത്രമാണ് എന്നതിനാൽ, ഹൈടെക് കൃഷിരീതി കൾ അവലംബിക്കുന്ന ആധുനിക കൃഷിതോട്ടങ്ങൾ സംയോ ജിത മാതൃകയിൽ ഒരു ഇക്കണോമിക്ക് യൂനിറ്റായി സംവിധാനം ചെയ്യുന്ന പദ്ധതി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഒരേക്കർ വരെ യുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം താഴെ പറയുന്ന മൂന്നോ അതിലധികമോ കൃഷി കളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട കൃഷിതോട്ട ങ്ങൾ സജ്ജീകരിക്കുന്ന സംരഭകർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഏക്കറിന് 10000 രൂപ നൽകുന്നതാണ്.

1. കോഴി/താറാവ്/ടർക്കി/കാട/മുയൽകൃഷി
2. മത്സ്യ കൃഷി
3. തേനീച്ചകൃഷി
4. കൂൺകൃഷി
5. പുഷ്പകൃഷി

ഇത്തരം കൃഷികൾ സജ്ജീകരിക്കുന്നവർക്ക് കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ സാങ്കേതിക സഹായവും നല്കു ന്നതാണ്. ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10,000 കൃഷിതോട്ടങ്ങൾ ഈ വർഷം ആരംഭിക്കാൻ സഹായം നൽകും.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി :**

**സംസ്ഥാന സർക്കാറിന്റെ 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത മാതൃകാ കൃഷിത്തോട്ട പദ്ധതിക്ക് ആർക്കും സഹായം നൽകിയിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 10 :** മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ പൊതുവെ എല്ലാ വീടുകളിലും സൗരോർജ്ജം, മഴവെള്ള സംഭരണം, ഉറവിടമാലിന്യ സംസ്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും ഹൈടെക് കൃഷി രീതികളും, ജൈവകൃഷിയും പരിസ്ഥിതി സംരക്ഷണവും കൈവരിക്കുകയും ചെയ്യുന്ന വില്ലേജുകളെയാണ് ഹൈടെക് ഹരിത ഗ്രാമങ്ങളെന്ന് വിവക്ഷിക്കുന്നത്. ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഉർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന ഇത്തരം മാതൃകാ ഗ്രാമങ്ങൾ അംഗീകൃത മാനദണ്ഡങ്ങൾക്കനുസരിച്ച് ജില്ലയിൽ ഒന്ന് എന്ന കണക്കിൽ 14 എണ്ണം സ്ഥാപിക്കുന്നതാണ്. ഇത് സംവിധാനം ചെയ്യുന്നതിനാവശ്യമായ സങ്കേതിക പരിജ്ഞാനവും വൈദഗ്ദ്യവും സാമ്പത്തിക പിൻബലവും ഗവൺമെന്റ് നൽകുന്നതാണ്. വിവിധ പദ്ധതികൾക്ക് നിലവിലുള്ള ഫണ്ടിനുപരിയായി ഒരു ഗ്രാമത്തിന് 3 കോടി എന്ന കണക്കിൽ 14 ഗ്രാമങ്ങൾക്കായി 42 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഭക്ഷ്യ സുരക്ഷ, ജലസുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ആകെ 14 മാതൃകാ ഹൈടെക്ക് ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയും ഇതിനു വേണ്ടി 42 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിരുന്നുവെങ്കിലും 14 ഗ്രാമങ്ങളെ തിരഞ്ഞെടുത്തതല്ലാതെ സർക്കാരിൽ നിന്നും പദ്ധതിക്കായി വാഭാവനം ചെയ്ത തുക ലഭിക്കാത്തത് കാരണം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.** തെരഞ്ഞെടുത്ത ഗ്രാമങ്ങൾ (തിരുവനന്തപുരം - മാണിക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം - പെരിനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട - ഇരവി

പേരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ – മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്, കോട്ടയം – വാഴൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി – കാമാക്ഷി ഗ്രാമപഞ്ചായത്ത്, എറണാകുളം –മുക്കന്നൂർ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ – തനിയം ഗ്രാമപഞ്ചായത്ത്, പാലക്കാട് – അഗളി ഗ്രാമപഞ്ചായത്ത്, മലപ്പുറം – പുലാമന്തോൾ ഗ്രാമപ ഞ്ചായത്ത്, കോഴിക്കോട് – ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, വയനാട് – തിരുനെല്ലി ഗ്രാമപഞ്ചായത്ത്, കണ്ണൂർ – പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ് – മൊഗ്രാൽ പൂത്തൂർ ഗ്രാമപഞ്ചായത്ത്)

**2013–14 ബഡ്ജറ്റ് പ്രസംഗം പേജ് 10** : നെല്ല് സംഭരണം. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം നെല്ല് സംഭരണം വളരെ കാര്യക്ഷമമായ രീതിയിൽ നടത്തുവാൻ ആവശ്യമായ തുക മാറ്റിവെക്കുവാൻ കഴിഞ്ഞതിൽ എനിക്ക് വളരെ ചാരി താർത്ഥ്യമുണ്ട്. ഈ വർഷം ഈ ഇനത്തിൽ 215 കോടി രൂപ വിതരണം ചെയ്ത് കഴിഞ്ഞു. സംഭരിച്ച നെല്ലിന്റെ പ്രതിഫലം അപ്പോൾതന്നെ കർഷകന് ലഭ്യമാക്കാൻ അടുത്ത വർഷം മുതൽ നടപടി സ്വീകരിക്കുന്നതാണ്. കൊയ്ത്തുസീസൺ ആരം ഭിക്കുമ്പോൾ നെല്ല് സംഭരണത്തിന് ആവശ്യമായ തുക അതാത് ജില്ലാ സഹകരണ ബേങ്കുകളിൽ രൂപീകരിക്കപ്പെടുന്ന റിവോൾവിംങ്ങ് ഫണ്ടിലേക്ക് ഗവൺമെന്റ് നിക്ഷേപിക്കുന്നതാ യിരിക്കും. നെല്ല് സംഭരണം നടക്കുമ്പോൾ തന്നെ അതിന്റെ വിലക്കുള്ള ചെക്ക് സർവ്വീസ് സഹകരണ ബേങ്കു വഴി കൃഷി ക്കാർക്ക് നൽകുന്നതാണ്. സംഭരിച്ച നെല്ല് അരിയാക്കി വിപ ണനം ചെയ്യുന്നതിനുവേണ്ടി വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭി മുഖ്യത്തിൽ ഓരോ അരിമില്ലുകൾ സ്ഥാപിക്കുന്നതാണ്. ഇതി നുവേണ്ടി 14 കോടി രൂപ അധികം വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : അരിമി ല്ലുകൾ ആരംഭിച്ചിട്ടില്ല. തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**ഹരിതസേനയ്ക്ക് പറയാനുള്ളത്** : നെൽകർഷകരെ സംരക്ഷിക്കാൻ വേണ്ടി പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി മാണി പഴയ പ്രഖ്യാപനം വീണ്ടും ആവർത്തിച്ചു. 2012-13 ബഡ്ജറ്റിൽ പാലക്കാട്ടും കുട്ടനാടും പ്രഖ്യാപിച്ച റൈസ് ബയോ പാർക്കുകൾ ആരംഭിക്കുന്നതിനു പകരം 2013-14 ബഡ്ജറ്റിൽ വയനാട് ജില്ലയെ കൂടി ഉൾപ്പെടുത്തി 3 റൈസ് മില്ലുകളാണ് പ്രഖ്യാപിച്ചത്. ഇതിനുവേണ്ടി 14 കോടി രൂപ വകയിരുത്തിയെങ്കിലും മൂന്നിടത്തും റൈസ് മില്ലുകൾ ആരംഭിച്ചില്ല. മാത്രവുമല്ല കൊയ്ത്ത് സീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണത്തിനാവശ്യമായ തുക അതാത് ജില്ലാ സഹകരണ ബേങ്കുകളിൽ രൂപീകരിക്കപ്പെടുന്ന റിവോൾവിങ്ങ് ഫണ്ടിലേക്ക് ഗവൺമെന്റ് നിക്ഷേപിക്കുമെന്നും നെല്ല് സംഭരിക്കുമ്പോൾ തന്നെ നെല്ലിന്റെ വിലക്കുള്ള ചെക്ക് കർഷകന് നൽകും എന്ന പ്രഖ്യാപനവും പാഴ് വാക്കായി. ചെക്ക് കിട്ടിയില്ല എന്ന് മാത്രമല്ല അടുത്ത സംഭരണ സമയത്ത് പോലും മുമ്പ് സംഭരിച്ച നെല്ലിന്റെ വില നൽകാതെ ഒരു മാസങ്ങളോളം കുടിശ്ശികയായി കിടക്കുകയാണ്. 2016 ഫിബ്രവരി ഒന്നിന്റെ കണക്കനുസരിച്ച് 28,23,37,265 രൂപ ഇപ്പോഴും കർഷകന് കുടിശ്ശികയാണ്.

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 11** : കർഷക ഉൽപ്പാദകസംഘങ്ങളും കർഷക മാർക്കറ്റുകളും. കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങളും ലഭ്യമാക്കുന്നതിന് കർഷക ഉൽപാദകസംഘങ്ങളുടെ ആഭിമുഖ്യത്തിൽ കർഷക മാർക്കറ്റുകൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് സംവിധാനമുള്ള ഇത്തരം മാർക്കറ്റുകൾ എല്ലാ താലൂക്കുകളിലും ഗവൺമെന്റ് സ്ഥാപിക്കുന്നതാണ്. അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമെങ്കിൽ അവിടെയും മറ്റിടങ്ങളിൽ ഉൽപാദകസംഘങ്ങളുടെയോ സഹകരണ സംഘങ്ങളുടേയോ കർഷക സംഘടനകളുടേയോ സ്ഥലത്തും ആയിരിക്കും ഇവ സ്ഥാപിക്കപ്പെടുന്നത്. വനിതകൾ വനിതകൾക്കുവേണ്ടി നടത്തുന്ന

മാർക്കറ്റുകളും ഇത്തരത്തിൽ സ്ഥാപിക്കപ്പെടുന്നതാണ്. ഇത് കൂടാതെ പ്രധാന നഗരങ്ങളിൽ അഗ്രിമാളുകളും ആരംഭിക്കുന്നതാണ്. ഈ പദ്ധതിക്ക് വേണ്ടി 25 കോടി രൂപ നീക്കിവെക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഒരു താലൂക്കിലും കോൾഡ് സ്റ്റോറേജ് സൗകര്യത്തോടെയുള്ള മാർക്കറ്റുകൾ ആരംഭിച്ചിട്ടില്ല. അതിനാൽ തുക ചിലവഴിച്ചിട്ടില്ല.**

**വനിതകൾ വനിതകൾക്കുവേണ്ടി നടത്തുന്ന മാർക്കറ്റുകൾ ആരംഭിച്ചിട്ടില്ല. അതിനാൽ തുക ചിലവഴിച്ചിട്ടില്ല.**

**തിരുവനന്തപുരം ആനയറയിലും നെടുമങ്ങാട്ടുമുള്ള കാർഷിക മൊത്ത വ്യാപാരവിപണികളിൽ അഗ്രിമാളുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടട്ടേയുള്ളൂ. അതിനാൽ തുക ചിലവഴിച്ചിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 11** : ജൈവകൃഷിക്ക് കേരളാ ബ്രാന്റ് ജൈവകൃഷിയുടെ വികസനത്തിനും അതുവഴി ഒരു ആഗോള ബ്രാന്റ് വികസിപ്പിക്കുന്നതിനും ഏറ്റവും സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഈ രംഗത്ത് വികസനത്തിന് ഘട്ടം ഘട്ടമായ ഒരു സമീപനമാണ് ഞാൻ വിഭാവനം ചെയ്യുന്നത്. ആദ്യഘട്ടത്തിൽ കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ താലൂക്കുകളെ ജൈവതാലൂക്കുകളായി വികസിപ്പിച്ചെടുക്കും. ഈ പദ്ധതിയുടെ ഭാഗമായി ഗന്ധകശാല പോലുള്ള പ്രാദേശിക ഇനം ഉൽപ്പന്നങ്ങൾക്ക് ബ്രാന്റ് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ പിൻബലം നൽകും. ജൈവവളം, ജൈവകീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ, ടിഷ്യുകൾച്ചർ തൈകൾ എന്നിവയുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി മേൽപറഞ്ഞ ജില്ലകളിൽ ഗവേഷണ സ്ഥാപനങ്ങളും ഉൽപാദനയൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. ഇതിലേക്ക് 12 കോടി രൂപ മാറ്റിവെക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി :**

**ഏതെങ്കിലും താലൂക്കുകളെ ജൈവ താലൂക്കുകളായി പ്രഖ്യാപിക്കുകയോ ഗവേഷണ സ്ഥാപനങ്ങളോ ഉത്പാദന യൂനിറ്റുകളോ ആരംഭിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 12 :** തെങ്ങിൽ നിന്നും നീര ഉൽപാദനം :നാളീകേര ഉൽപാദന രംഗത്ത് മൂല്യവർദ്ധന കൈവരിക്കുന്നതിനായി ബയോപാർക്കുകൾക്ക് ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ തുടക്കം കുറിച്ചിരുന്നു. ഈ രംഗത്ത് ഏറ്റവും വലിയൊരു മൂല്യവർദ്ധിത പരിപാടിയാണ് നീര ഉൽപാദനം. തെങ്ങിൽനിന്ന് നീര ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞാൽ കേര കർഷകർക്ക് കൂടുതൽ വരുമാനവും ചെത്തുതൊഴിലാളികൾക്ക് കൂടുതൽ ജോലി സാധ്യതയും ഉറപ്പുവരുത്താൻ കഴിയും. അയൽ സംസ്ഥാനമായ കർണ്ണാടകയിൽ ഇതിനകം തന്നെ നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം ആരംഭിച്ചിരിക്കുന്നു. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നീര ശേഖരിച്ച് പാനീയമാക്കി വിപണനം ചെയ്യുന്നതിന് പുത്തൻ സാങ്കേതിക വിദ്യ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി ഈ വർഷം സംസ്ഥാനത്ത് നാളീകേരത്തിൽ നിന്ന് നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഏറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 10 ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. അതിലേക്ക് 15 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ജില്ലകളിൽ നീര സംസ്ക്കരണ യൂനിറ്റുകൾ ആരംഭിക്കാൻ സർക്കാർ തുക ചിലവഴിച്ചിട്ടില്ല.**

**ഹരിതസേനയ്ക്ക് പറയാനുള്ളത് : കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നീര ശേഖരിച്ച് പാനീയമാക്കി വിപണനം ചെയ്യുന്നതിന് പുത്തൻ സാങ്കേതിക വിദ്യ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിരുന്നു. ഈ സാങ്കേതികവിദ്യ നിയമസഭാ**

**സാമാജികർക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി 2014 ൽ കൃഷി വകുപ്പ് മന്ത്രി തന്റെ വകുപ്പിന് കീഴിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നടക്കം നിർബന്ധിത പിരിവിലൂടെ സംസ്ഥാനത്തെ എം.എൽ.എ മാർക്ക് എൽ.സി.ഡി. ടി.വി പാരിതോഷികമായി നൽകിയ വാർത്ത ഹരിതസേന പുറത്തുവിട്ടിരുന്നു. നമ്മുടെ നികുതി പണം മുടക്കി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ജനപ്രതിനിധികളുടെ മുമ്പിൽ പരിചയപ്പെടുത്തുമ്പോൾ ജന പ്രതിനിധികൾക്ക് എന്തിനാണ് പാരിതോഷികം നൽകുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. സാങ്കേതിക വിദ്യ കണ്ടുപിടിച്ചവർക്കാണ് പാരിതോഷികം നൽകിയിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. എന്നാൽ പാരതോഷികം കൈപ്പറ്റിയവർ (പ്രതിപക്ഷ നേതാവ് കൈപ്പറ്റിയിട്ടില്ല) ഈ പദ്ധതി നടപ്പിലാക്കിയോ എന്ന് പിന്നീട് അന്വേഷിച്ചില്ല. അത് അവരുടെ ഉത്തരവാദിത്വമല്ലല്ലോ. അതുകൊണ്ട് ജനപ്രതിനിധികൾക്ക് കിട്ടിയ ടി.വി. ലാഭം.**

**<u>2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 12</u> :** കൃഷിക്കാർക്ക് സമഗ്ര വിള ഇൻഷൂറൻസ്. കാലാവസ്ഥാ വ്യതിയാനം കാർഷികരംഗത്തുണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ നേരിടാൻ കേരളത്തെ സജ്ജമാക്കേണ്ടതുണ്ട്. കാലാവസ്ഥ അടിസ്ഥാനപ്പെടുത്തിയുള്ള വിള ഇൻഷൂറൻസ് ഇപ്പോൾ നെല്ല്, കശുവണ്ടി, കുരുമുളക് എന്നീ വിളകൾക്ക് മാത്രമേ നിലവിലുള്ളു. അതുതന്നെയും കടമെടുക്കുന്ന കർഷകർക്ക് മാത്രമേ ലഭിക്കുന്നുള്ളു. ഇതിന്റെ പ്രയോജനം കേരളത്തിലെ എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിന് എല്ലാ പ്രധാനപ്പെട്ട വിളകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ഇൻഷൂറൻസ് പദ്ധതി 2013-14 ൽ നടപ്പിലാക്കും. ഇതിനുവേണ്ടി 20 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക വിള ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 39** : സംയോജിത ഭക്ഷ്യ വിള ഉൽപാദനം, നാളീകേര വികസനം, കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രത്യേക കന്നുകാലി പ്രജനന പരിപാടി ഉൾനാടൻ മത്സ്യഉൽപാദനം എന്നീ പദ്ധതികളാണ് പ്രധാനമായും ഈ മേഖലയിൽ നടപ്പി ലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ മേഖലക്ക് മുൻവർഷത്തേക്കാൾ 16 ശതമാനം വർദ്ധിപ്പിച്ച് 1494.74 കോടി രൂപ വകയിരുത്തിയി ട്ടുണ്ട്. പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് വേണ്ടി ടെക്നോളജി സെന്റർ. സംസ്ഥാനത്ത് വളരെയധികം സാധ്യത കളുള്ള വിളകളാണ് പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവ. ഈ വിളകളുടെ ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിന് നില വിൽ വിവിധയിനം നൂതന സാങ്കേതിക വിദ്യകൾ ലഭ്യമായി ട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി നെതർലെൻസ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാ നത്ത് ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശി ക്കുന്നു. ഇത് സ്ഥാപിക്കുന്നതോടുകൂടി പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ആധുനിക സാങ്കേ തിക വിദ്യകൾ സ്വായത്തമാക്കുവാനും ആയവ കൃഷിക്കാർക്ക് പകർന്ന് നൽകുവാനും സഹായകരമാവും. ഈ സെന്റർ തുട ങ്ങുവാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : പദ്ധതി ആരംഭിച്ചിട്ടില്ലാത്തതിനാൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 39** : നിറവ് പദ്ധതി: കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിറവ് പദ്ധതി 12 നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്നു. ഈ പദ്ധതി 2013-14 വർഷത്തിൽ സംസ്ഥാനത്തെ 30 നിയോജകമണ്ഡലങ്ങൾ കൂടി വ്യാപിപ്പിക്കുന്നതാണ്. പച്ച ക്കറികൃഷി വികസനത്തിന് 62.25 കോടി രൂപയാണ് വകയിരു ത്തിയിരിക്കുന്നത്. പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും ഉൽപാദനമികവ് ലക്ഷ്യമാക്കി കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ

ആവിഷ്കരിച്ച ഗ്രീൻ ഹൗസ് പദ്ധതി 2013–14 സാമ്പത്തിക വർഷത്തിൽ 1000 ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. ഇതിന് പുറമെ പഞ്ചായത്ത് തലത്തിൽ കർഷകരോ, കർഷകസംഘങ്ങളോ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റു ഉൽപ്പന്നങ്ങളും ഹോർട്ടി കോർപ്പിന്റെ ബ്ലോക്ക് തല കേന്ദ്രങ്ങളിൽ ശേഖരിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ആകെ പ്രഖ്യാപിച്ച പോളീ ഹൗസുകൾ : 3000 എണ്ണം. നിർമ്മിച്ചവ 286 എണ്ണം. ആകെ നീക്കിവെച്ച തുക : 45 കോടി, ചിലവഴിച്ചത് 2 കോടി 60 ലക്ഷം.**

**2013–14 ബഡ്ജറ്റ് പ്രസംഗം പേജ് 39** : ഹൈടെക് ഫാമിങ്ങ് 2012–13 വർഷത്തിൽ തുടക്കം കുറിച്ച ഹൈടെക്ക് ഫാമിങ്ങ് പദ്ധതി വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ മാത്രം നടപ്പിലാക്കിക്കൊണ്ടിരുന്ന ഈ പദ്ധതി 2013–14 വർഷത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ ഇനത്തിൽ തുക ചിലവഴിച്ചിട്ടില്ല.**

**2013–14 ബഡ്ജറ്റ് പ്രസംഗം പേജ് 39** : നാളീകേര വികസനവും സംഭരണവും. നാളീകേരത്തിന്റെ മൂല്യ വർദ്ധനവും വൈവിധ്യവൽക്കരണവും അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ കോർത്തിണക്കി നാളീകേര ബയോപാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ 2012–13 വർഷത്തിൽ തുടക്കമിട്ടിട്ടുണ്ട്. കൂടാതെ നാളീകേര വികസന ബോർഡിന്റെ ധനസഹായത്തോടെ തെങ്ങുകൾ റീപ്ലാന്റ്

ചെയ്യുന്ന പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്. കേന്ദ്രസർക്കാറിന്റെ താങ്ങുവില അനുസരിച്ച് കൊപ്ര സംഭരണം ഫലപ്രാപ്തിയിലെത്തുന്നില്ല എന്ന് മനസ്സിലാക്കി സംസ്ഥാനത്തെ തിരഞ്ഞെടുത്ത കൃഷിഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കൃഷി വകുപ്പ് ഇതിനകം തന്നെ തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് കർഷകർക്ക് നാളീകേരം അതാത് കൃഷി ഭവനുകളിൽ നൽകാവുന്നതും അപ്പോൾതന്നെ ആയതിന്റെ വില സ്വീകരിക്കാവുന്നതുമാണ്. 2013-14 വർഷത്തിലും ഈ പദ്ധതി കൂടുതൽ കൃഷിഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. നാളീകേര വികസനത്തിനായി 2013-14 വർഷത്തിൽ 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ കൂടി വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ ഇനത്തിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2013-14 ബഡ്ജറ്റ് പ്രസംഗം പേജ് 39 :** നെൽകൃഷി വികസനം. കർഷകതൊഴിലാളികളുടെ അഭാവം മൂലം ഉൽപാദന ചിലവ് വർദ്ധനവ് മൂലവും നെൽകൃഷി അനാകർഷകമായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ നെല്ലിന്റെ മൂല്യ വർദ്ധന ലക്ഷ്യമാക്കി കഴിഞ്ഞവർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് റൈസ് ബയോപാർക്കുകൾ ആരംഭിക്കാനുള്ള നടപടികൾക്ക് സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. ഇതുൾപ്പെടെ 2013-14 വർഷത്തിൽ നെൽകൃഷി വികസനപദ്ധതികൾ പൂർത്തീകരിക്കുന്നതിന് 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ബഡ്ജറ്റിൽ കുട്ടനാടും പാലക്കാടും പ്രഖ്യാപിച്ച റൈസ് ബയോപാർക്കുകളും കുട്ടനാടും പാലക്കാടും വയനാടും പ്രഖ്യാപിച്ച അരിമില്ലുകളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഇനത്തിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

## 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 4** : കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരണ്ടിയും വില നിർണ്ണയ അവകാശവും :ഇന്ത്യയിൽ ആദ്യമായി സർക്കാർ 90 ശതമാനം പ്രീമിയം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന ഒരു കർഷക ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വ്യവസായ മേഖലയിലും സേവന മേഖലയിലും ഉൽപാദകനും സേവന ദാതാവിനും വിലനിശ്ച യിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കെ പ്രാഥമിക മേഖല യിൽ കൃഷിക്കാർക്ക് തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില നിശ്ചയിക്കുവാൻ കഴിയുന്നില്ല. കർഷകന് ഉൽപാദനചി ലവിനുപരിയായി ന്യായമായ ലാഭം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ കാർഷികോൽപാദനമേഖലയിൽ ഉണർവ്വും പുരോഗ തിയും ഉറപ്പുവരുത്താനാവൂ. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിടനാമമാത്ര കർഷ കർക്ക് വേണ്ടി ഒരു ഇൻകം ഗ്യാരണ്ടി സ്കീം നടപ്പിലാക്കുന്ന താണ്. ഇതിനായി ഇൻഷൂറൻസ് കമ്പനികൾ വഴി 25 പ്രധാന വിളകളെ ഇൻഷൂർ ചെയ്യുന്ന വിപുലമായ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകും. ഇൻഷൂറൻസ് പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ വഹിക്കും. 10 ശതമാനം മാത്രമായി രിക്കും ഗുണഭോക്താക്കളായ കർഷകർ വഹിക്കേണ്ടിവരിക. ഇത് കർഷകരുടെ ഉൽക്കണ്ഠ അകറ്റി ആത്മധൈര്യം പകരുന്ന തിന് കാരണമാവും. ഈ പദ്ധതിക്കായി 50 കോടി രൂപ വകയി രുത്തുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് തുകയൊന്നും ചില വഴിച്ചിട്ടില്ല.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 4** : 2 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷൂറൻസ്, സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽ പെടുന്നവർക്ക്

സർക്കാർ സൗജന്യ ആരോഗ്യ ഇൻഷൂറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആനുകൂല്യം ചെറുകിട കർഷക സമൂഹത്തിന് മുഴുവൻ ലഭ്യമാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. അതിനാൽ 2 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള മുഴുവൻ കർഷകരെയും ഉൾപ്പെടുത്തികൊണ്ട് ഒരു സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നതാണ്. ഇതിന്റെ പ്രീമിയം തുകയുടെ 50 ശതമാനം സർക്കാർ വഹിക്കുന്നതായിരിക്കും. സംസ്ഥാന ഇൻഷൂറൻസ് വകുപ്പുവഴി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ഈ പദ്ധതി നാളിതുവരെ ആരംഭിക്കാത്തതിനാൽ കർഷകരെ ഇൻഷൂർ ചെയ്തിട്ടില്ല. അതുകൊണ്ട് ഈ ഇനത്തിൽ തുകയൊന്നാം ചിലവഴിച്ചിട്ടില്ല.**

**2014–15 ബഡ്ജറ്റ് പ്രസംഗം പേജ് 5** : പെൺകുട്ടികളുടെ വിദ്യാഭ്യാസ വികസനത്തിനും, ക്ഷേമത്തിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സാമ്പത്തിക ഞെരുക്കം മൂലം ഒരു വിദ്യാർത്ഥിക്കും വിദ്യാഭ്യാസ അവസരങ്ങൾ നിഷേധിക്കപ്പെടരുത് എന്നാണ് നാം ലക്ഷ്യമിടുന്നത്. ഇതിനായി ബേങ്ക് വായ്പാ സൗകര്യങ്ങളും സ്കോളർഷിപ്പുകളും കഴിയുന്നിടത്തോളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതോടൊപ്പം തന്നെ പെൺകുട്ടികളുടെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കി ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയോ രണ്ടര ഹെക്ടറിൽ താഴെ നെൽകൃഷിയോ ഉള്ള ചെറുകിട കർഷകരുടെയും ബി.പി.എൽ. വിഭാഗത്തിൽപെട്ട കുടുംബത്തിലെയും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന പെൺകുട്ടികൾക്ക് ലാപ്ടോപ് സൗജന്യമായി ലഭ്യമാക്കും. സംസ്ഥാന ഐ.ടി.വകുപ്പ് വഴിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി :**

**ഈ പദ്ധതിയിൽ ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല. ടെൻഡർ നടപടികൾക്കായി 0.78 ലക്ഷം രൂപ ചിലവായി.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 5** : അഗ്രി കാർഡ് വായ്പ അടക്കമുള്ള സാമ്പത്തിക സഹായങ്ങൾ, സാങ്കേതിക സഹായം, വിപണിയുടെ പിൻതുണ എന്നിവയൊക്കെ അടങ്ങുന്ന പാക്കേജാണ് കാർഷികരംഗം ഊർജ്ജസ്വലമാക്കാൻ ആവശ്യം. നിലവിലെ സാഹചര്യത്തിൽ കാർഷിക വായ്പ ഉൾപ്പെടെയുള്ള സഹായം കർഷകർക്കു ലഭ്യമാകണമെങ്കിർ നിരവധി കടമ്പകൾ താണ്ടേണ്ടതുണ്ട്. ഈ സ്ഥിതി മാറണം. ഇതിനായി കേരളത്തിലെ രജിസ്ട്രേഷൻ പൂർത്തീകരിച്ച 18.77 ലക്ഷം കർഷകർക്കും അഗ്രി കാർഡ് നൽകുന്നതാണ്. ഇനിയും രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത കർഷകർക്ക് അതിനുള്ള അവസരം നൽകുന്നതാണ്. കർഷകരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളെല്ലാം ഈ കാർഡിൽ ഉൾപ്പെടുത്തുന്നതാണ്. ഈ കാർഡുകൾ അടിസ്ഥാന രേഖയായി സ്വീകരിച്ചുകൊണ്ട് താഴെ പറയുന്ന സൗകര്യങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതാണ്.

എ)കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും വായ്പകളും മറ്റ് സഹായങ്ങളും

ബി)ബാങ്കുകളിൽ നിന്ന് 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (ക്രോപ്പ് ലോൺ)

സി)ഏഴു ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല - ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : അഗ്രി കാർഡ് വിതരണം ചെയ്യുകയോ അഗ്രി കാർഡ് അടിസ്ഥാന രേഖയായി സ്വീകരിച്ച് കൊണ്ട് 4.1% പലിശ നിരക്കിൽ കാർഷിക വായ്പകൾ അനുവദിച്ചിക്കുകയോ ചെയ്തിട്ടില്ല. അഗ്രി കാർഡ് അടിസ്ഥാന രേഖയായിസ്വീകരിച്ച് കൊണ്ട് 7% പലിശനിരക്കിൽ മധ്യകാല-ദീർഘകാല വായ്പകൾ അനുവദിച്ചിട്ടില്ല.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 6** : കേരളത്തെ ഹൈടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ ഏറ്റവും പ്രധാന ജീവിതോപാധി യാണ് കൃഷി. എങ്കിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രമാനുഗതമായി കാർഷിക മേഖലയുടെ സമ്പദ്ഘടനയിലെ പങ്ക് കുറഞ്ഞു വരികയാണ്. വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം മുതലായവ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഏകദേശം രണ്ടിരട്ടി വർദ്ധി ച്ചിട്ടുണ്ട്. തദനുസൃതമായി ഉത്പാദനമോ കാർഷികോത്പന്ന ങ്ങളുടെ വിലയോ വർദ്ധിച്ചില്ല. ഇതിനു പുറമെ കാലാവസ്ഥാ വ്യതിയാനവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പ ത്തിക പിന്തുണയുടെ കുറവും കർഷകരെ ഈ മേഖലതന്നെ ഉപേക്ഷിച്ചുപോകാൻ പ്രേരിപ്പിക്കുകയാണ്. 96 ശതമാനത്തില ധികം കർഷകരും ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള തുണ്ടു ഭൂമികളിൽ കൃഷി ചെയ്യുന്നവരാണ്. അതിനാൽ ഉത്പാ ദന വർദ്ധനവിലൂടെയാണ് ഈ മേഖലയുടെ പ്രശ്നപരിഹാര ത്തിന് തുടക്കം കുറിക്കേണ്ടത്. ഇതിനായി ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ അവലംബിക്കേണ്ടിയിരിക്കുന്നു. എന്റെ കഴിഞ്ഞ ബജറ്റുകളിൽ ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കു ന്നതിന് ഏതാനും പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അത് ഇനിയും കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്. ആധുനിക സാങ്കേ തിക വിദ്യകളുടെ പ്രയോജനം എല്ലാ കർഷകർക്കും ലഭ്യമാ ക്കിക്കൊണ്ടുമാത്രമേ കാർഷിക രംഗത്ത് മുന്നേറ്റം കൈവ രിക്കാനാവൂ. ഈ ലക്ഷ്യം മുൻനിർത്തി ഹൈടെക് കൃഷി രീതികളിൽ പരിശീലനത്തിനും അതിന്റെ വ്യാപനത്തിനും ആവശ്യമായ പിൻതുണ നല്കി കേരളത്തെ ഒരു ഹൈടെക് കാർഷിക സംസ്ഥാനമായി മാറ്റുന്നതിന് ഒരു പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്. ഇതനുസരിച്ച് ദേശീയ തലത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വാമിനാഥൻ ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം വിനിയോഗിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ കാർഷിക

ബിരുദധാരികളെയും ബോട്ടണി ബിരുദധാരികളെയും തെരഞ്ഞെടുത്ത് അവർക്ക് മാസ്റ്റർ ഹൈടെക് അഗ്രികൾച്ചർ ട്രെയിനേഴ്സ് ട്രെയിനിംഗ് നൽകുകയും അവരുടെ സേവനം വിനിയോഗിച്ചുകൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് രണ്ടുമുതൽ നാലുവരെ പരിശീലകരെ ലഭ്യമാക്കത്തക്കവിധം ജില്ലാ തലത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നതാണ്. തുടർന്ന് പ്രാദേശിക തലത്തിൽ ഹൈടെക് കൃഷിരീതികളിൽ താല്പര്യമുള്ള സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി ഭവനുകൾ, കോപ്പറേറ്റീവ് ബാങ്കുകൾ എന്നിവയുടെ സഹായത്തോടെ സൗജന്യ പരിശീലനം നൽകും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കർഷകർക്ക് സർട്ടിഫിക്കറ്റ് നല്കും. ഇപ്രകാരം പരിശീലനം സിദ്ധിക്കുന്ന കർഷകർക്ക് ഹൈടെക് കൃഷി ഏറ്റെടുക്കുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ അഞ്ചു ലക്ഷം രൂപ വരെ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ പലിശ രഹിത വായ്പ ലഭ്യമാക്കും. കൃത്യമായി വായ്പ തിരിച്ചടക്കുന്ന കർഷകർക്കായിരിക്കും പലിശ സൗജന്യം നൽകുക.

കഴിഞ്ഞ ബജറ്റുകളിൽ ഹൈടെക് കൃഷിയുടെ ആവശ്യകത കണക്കിലെടുത്ത് അവയുടെ പ്രോത്സാഹനത്തിനായി പോളി ഹൗസുകൾ, റൈസ് ബയോ പാർക്കുകൾ മുതലായ പദ്ധതികൾ ഞാൻ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ഓരോ കൃഷിഭവനുകീഴിലും അഞ്ചു പോളീഹൗസുകൾ വീതമെങ്കിലും ആരംഭിക്കുന്നതിനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിജയത്തിലേക്ക് നയിക്കുന്നതിനും കൃഷിഭവനുകളിലൂടെ സംവിധാനമൊരുക്കും. ഇത്തരം പോളിഹൗസുകളിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ ഹോർട്ടികൾച്ചർ കോർപ്പറേഷൻ വഴി സംഭരിച്ച് വില്പന നടത്തുന്നതിനും നടപടി സ്വീകരിക്കും. ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിനും നടത്തി

പ്പിനും ആവശ്യമായ പരിശീലനവും എസ്റ്റിമേറ്റും കൃഷിഭ വനുകൾ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക്/ സംഘടനകൾക്ക് നൽകുന്നതാണ്. പോളി ഹൗസുകൾ സ്ഥാപിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

എ) പോളി ഹൗസുകളുടെ ചെലവിന്റെ 90 ശതമാനം വായ്പ.

ബി) വായ്പ മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്ന കർഷകർക്ക്/സംഘടനകൾക്ക് എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം സബ്സിഡി.

സി) സൗജന്യ വൈദ്യുതി.

ഡി) കെട്ടിട നികുതി ഇളവ്.

ഇ) ഇതൊടൊപ്പം കേന്ദ്ര സംസ്ഥാന ഗവൺമെന്റു കളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള എല്ലാ സാമ്പത്തിക സഹായങ്ങളും അഗ്രി കാർഡ് വഴി ലഭ്യ മാക്കുന്നതാണ്.

ഈ പദ്ധതികൾക്കായി 200 കോടി രൂപ വകയിരു ത്തുന്നതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഈ പദ്ധതി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പ്രത്യേക സംവിധാനം (അഗ്രി മിഷൻ) രൂപീകരിക്കുന്ന താണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : 2014–15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക ബിരുദധാരികളെയും ബോട്ടണി ബിരുദധാരികളെയും തെരഞ്ഞെടുത്ത് അവർക്ക് മാസ്റ്റർ ഹൈടെക് അഗ്രികൾച്ചർ ട്രെയിനേഴ്സ് ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.**

**2014–15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കർഷകർക്ക് ഹൈടെക് കൃഷി ഏറ്റെടുക്കുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാന ത്തിൽ അഞ്ചു ലക്ഷം രൂപ വരെ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ പലിശ രഹിത വായ്പ നൽകിയിട്ടില്ല**

**2014–15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പോളി ഹൗസുകളുടെ ചെലവിന്റെ 90 ശതമാനം വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.**

**2014–15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പോളീ ഹൗസുകൾക്ക് സൗജന്യ വൈദ്യുതി സർക്കാർ അനുവദിച്ചിട്ടില്ല.**

**2014–15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച മേപ്പടി പദ്ധതികൾ ഒന്നും നടപ്പിലാക്കാത്തതിനാൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2014–15 ബഡ്ജറ്റ് പ്രസംഗം പേജ് 9 :** കാർഷികോത്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ. കാർഷിക മേഖലയുടെ വികസനത്തിന് കാർഷികോത്പാദന വർദ്ധനവിനോടൊപ്പം മെച്ചപ്പെട്ട വിപണന സൗകര്യങ്ങളും അനിവാര്യമാണ്. ഈ രംഗത്ത് പല ഏജൻസികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യോത്പന്നങ്ങളുടെ വിപണന സംവിധാനം ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി മിൽമയുടെ പ്രവർത്തനമാതൃകയിൽ കാർഷികോത്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകും വിധം വിപണനം നടത്തുന്നതിന് ആദ്യപടിയായി വികസന ബ്ലോക്കുകൾ തോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കും. സഹകരണ സംഘങ്ങളുടെ നിയമാവലിക്കനുസൃതമായി രൂപീകരിക്കുന്ന കർഷകരുടെ ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോത്പന്നങ്ങൾ സമാഹരിക്കുന്നതിനും അവ ഗുണമേന്മ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും അഞ്ചു ലക്ഷം രൂപ വരെ മൂന്നു വർഷത്തേക്ക് പലിശ രഹിത വായ്പ നല്കും. ഇത്തരം വായ്പകൾ സംഘാംഗങ്ങളുടെ ഉറപ്പിന്മേലായിരിക്കും നല്കുക. വായ്പ കൃത്യമായി തിരിച്ചടക്കുന്ന സംഘങ്ങൾക്ക് പൂർണ്ണമായ പലിശ സബ്സിഡി നൽകും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി :**

**മിൽമ മാതൃകയിൽ സംഘങ്ങൾ രൂപീകരിക്കുകയോ പലിശ രഹിത വായ്പകൾ നൽകുകയോ ചെയ്തിട്ടില്ല. സംഘങ്ങൾ രൂപീകരിക്കാത്തതിനാൽ സബ്സിഡിയും നൽകിയിട്ടില്ല.**

**2014–15 ബഡ്ജറ്റ് പ്രസംഗം പേജ് 9 :** ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്നു. ഒരു ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കുടുംബത്തിന്റെ അത്താണിയായിരുന്ന ഗൃഹനാഥന്റെയോ/ഗൃഹനാഥയുടേയോ മരണത്തോടെ അനാഥമാവുകയും കഷ്ടപ്പെടുകയും ചെയ്യുന്ന സാധു കുടുംബങ്ങളെ സഹായിക്കാൻ ഒരു കുടുംബസഹായ പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട വ്യക്തി സഹകരണ ബാങ്കുകളിൽ നിന്നോ വാണിജ്യ ബാങ്കുകളിൽ നിന്നോ എടുത്തിട്ടുള്ള 50000 രൂപ വരെയുള്ള കാർഷിക കടബാദ്ധ്യതയുടെ പകുതി സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ബാങ്കുകൾക്ക് നികത്തിക്കൊടുക്കുന്നതുമായിരിക്കും. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇന്നുവരെ മറുപടി ലഭിച്ചിട്ടില്ല. (ഇതേ പദ്ധതി 2013–14 ലെ ബഡ്ജറ്റിലും പ്രഖ്യാപിച്ചിരുന്നു. അതു പ്രകാരം മുഴുവൻ തുകയും സർക്കാർ ഏറ്റെടുക്കുമെന്നായിരുന്നു പ്രഖ്യാപിച്ചത്. അത് നടപ്പിലാക്കിയില്ലായെന്ന് മാത്രമല്ല മുഴുവൻ തുകയും ഏറ്റെടുക്കുമെന്ന പ്രഖ്യാപനം 50000 രൂപയാക്കി കുറയ്ക്കുകയാണ് ഈ ബഡ്ജറ്റിൽ ചെയ്തത്.)**

**2014–15 ബഡ്ജറ്റ് പ്രസംഗം പേജ് 24 :** ഉത്പ്പാദനം, സംഭരണം, വിതരണം എന്നീ മേഖലകൾ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി, ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പ്രായോഗിക നടപടികളിലൂടെ മാത്രമേ കാർഷിക മേഖലയെ ഉയർച്ചയിലേയ്ക്ക് കൊണ്ടുപോകാനാകൂ.കാർഷിക മേഖലയുടെ സമഗ്ര വികസനം ലിക്ഷ്യമിട്ടുള്ളപ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 964.82 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 24** : കുമരകം, മണ്ണുത്തി, വെള്ളായണി, പട്ടാമ്പി, അമ്പലവയൽ തുടങ്ങി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ആകെ 3.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 24** : ജില്ലാ കൃഷിവിജ്ഞാന കേന്ദ്രങ്ങളിലൂടെ സാങ്കേതിക വിദ്യാകൈമാറ്റം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 1.61 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 25** : സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രസഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : പദ്ധതികൾ ആരംഭിച്ചിട്ടില്ല. തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2014-15 ബഡ്ജറ്റ് പ്രസംഗം പേജ് 9** : കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കാൻ ഒരു പാക്കേജ് അനുവദിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

## 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 12** : ദീർഘകാലത്തെ ഇടവേളയ്ക്കുശേഷം സമീപകാലത്ത് കേരളത്തിന്റെ കാർഷികമേഖലയിൽ ദൃശ്യമായ ഉണർവിനെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. കാർഷിക മേഖലയിൽ സർക്കാരിന്റെ പരിശ്രമം മൂലം വളർച്ചയുടെ പുതുനാമ്പുകൾ ദർശിക്കാൻ കഴിയുന്നത് ആഹ്ലാദകരമാണ്. ഈ കുതിപ്പ് തുടർന്നും നിലനിറുത്താൻ ഈ ബജറ്റിലൂടെയും ഞാൻ പരിശ്രമിക്കുന്നതാണ്.

റബ്ബർകൃഷിയെ ജീവനോപാധിയായി കണക്കാക്കുന്ന വലിയൊരു ജനവിഭാഗം സംസ്ഥാനത്തുണ്ട്. 2014 ഡിസംബറിൽ റബ്ബറിൻമേലുള്ള വാങ്ങൽ നികുതി ഒഴിവാക്കിയതിലൂടെ ഈ മേഖലയിലെ ദുരിതം ഭാഗികമായി ലഘൂകരിക്കാൻ കഴിഞ്ഞെങ്കിലും കർഷകർക്ക് ഇതിന്റെ നേട്ടം പൂർണ്ണമായി ലഭിച്ചിട്ടില്ല. അതിനാൽ റബ്ബർ കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതി അനിവാര്യമാണെന്ന് ഞാൻ കരുതുന്നു. ഇതിനായി ഒരു റബ്ബർ വിലസ്ഥിരത ഫണ്ട് രൂപീകരിക്കുന്നതാണ്. കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി 20000 മെട്രിക് ടൺ റബ്ബർ വാങ്ങാനുള്ള സഹായമായി 300 കോടി രൂപ ഇതിനായി വിനിയോഗിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വില വ്യത്യാസം റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെയോ റബ്ബർ ഉത്പാദക സംഘങ്ങളുടെയോ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതാണ്. റബ്ബർ ഉൽപാദക ജില്ലകളിലെ സർവ്വീസ് സഹകരണബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രമുഖ ബാങ്കുകളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് 80 കോടി രൂപ നൽകി.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 13** : ഈ സർക്കാർ 700 കോടിയിലധികം രൂപ നെല്ലുസംഭരണത്തിന് താങ്ങുവിലയായി സപ്ളൈകോ തുടങ്ങിയ ഏജൻസികൾ മുഖാന്തിരം കഴിഞ്ഞ മൂന്നു വർഷമായി കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. കർഷകർക്കും കർഷകതൊഴിലാളികൾക്കും മാന്യമായ വരുമാനവും ജീവിതനിലവാരവും ഉറപ്പുവരുത്തുന്നതിന് അവർക്ക് വേഗത്തിലും കൃത്യമായും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണെന്ന കാര്യത്തിൽ ഞാൻ തികച്ചും ബോധവാനാണ്. നെല്ലു സംഭരിച്ചു കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി ബജറ്റിൽ 300 കോടി രൂപ ഞാൻ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : നെല്ല് സംഭരണം വക ഈ സീസണിൽ കൊടുത്തത് 21,61,13,703 രൂപയും കുടിശ്ശിക 28,23,37,265 രൂപയും. (2013-14 ലെ ബഡ്ജറ്റിലും ഇതേ പ്രഖ്യാപനം ഉണ്ടായിരുന്നു. കൊയ്തുസീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണത്തിന് ആവശ്യമായ തുക അതാത് ജില്ലാ സഹകരണ ബേങ്കുകളിൽ രൂപീകരിക്കപ്പെടുന്ന റിവോൾവിംങ്ങ് ഫണ്ടിലേക്ക് ഗവൺമെന്റ് നിക്ഷേപിക്കുന്നതായിരിക്കും. നെല്ല് സംഭരണം നടക്കുമ്പോൾ തന്നെ അതിന്റെ വിലക്കുള്ള ചെക്ക് സർവ്വീസ് സഹകരണ ബേങ്കു വഴി കൃഷിക്കാർക്ക് നൽകുന്നതാണ്. പക്ഷേ ഈ പ്രഖ്യാപനം ജലരേഖയായപ്പോഴാണ് അതേ പ്രഖ്യാപനം വീണ്ടും നടത്തിയത് ).**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 14** : കാർഷികമേഖലയുടെ വളർച്ചയ്ക്ക് മിതമായ പലിശ നിരക്കിലുള്ള കാർഷിക വായ്പയുടെ ലഭ്യത ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. വീഴ്ച വരുത്തുന്ന വായ്പകളെ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നത് ഇതിനുള്ള ശാശ്വത പരിഹാരമല്ല എന്നതാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. നബാർഡ് കുറഞ്ഞ പലിശനിരക്കിൽ സഹകരണ സംഘങ്ങൾക്ക് വായ്പ അനുവദിക്കുന്നുണ്ടെങ്കിലും

വായ്പ തിരിച്ചടവിൽ ഉണ്ടാകുന്ന വീഴ്ചകൾ കൂടി പരിഗണിച്ച് സഹകരണസംഘങ്ങൾ ഉയർന്ന നിരക്കിലാണ് കർഷകർക്ക് വായ്പ അനുവദിക്കുന്നത്. കൃത്യമായ തിരിച്ചടവിന് 3 % പലിശയാണ് കേന്ദ്രസർക്കാർ സബ്സിഡിയായി അനുവദിക്കുന്നത്. കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശബാദ്ധ്യത സർക്കാർ വഹിക്കുന്നതാണെന്ന് ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു. ഫലത്തിൽ ഹ്രസ്വകാല കാർഷിക വായ്പ പലിശരഹിതമായി ലഭ്യമാകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നതാണ്. ഇത് ഉയർന്ന തോതിലുള്ള കാർഷിക വായ്പാ വിതരണം ഉറപ്പാക്കുന്നതും കാർഷിക മേഖലയ്ക്ക് ഉയർന്ന നിക്ഷേപം ലഭിക്കുന്നതിന് സഹായകരമാകുന്നതുമാണ്. കാർഷികമേഖലയിൽ ഉയർന്ന വായ്പാ ലഭ്യത ഉറപ്പുവരുത്തുന്നതിനും, പലിശഭാരം കുറച്ചുകൊണ്ടുവരുന്നതിനും പ്രസ്തുത മേഖലയിൽ ഉയർന്ന മുതൽമുടക്കുണ്ടാക്കുന്നതിനും ഈ നടപടിയിലൂടെ കഴിയുന്നതാണ്. നബാർഡും സഹകരണസംഘങ്ങളുമായി ചേർന്ന് വിശദമായ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 125 കോടി രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു. ഇതുമൂലം കാർഷിക വായ്പയിൽ 2000 കോടി രൂപയുടെ അധിക വർദ്ധനവ് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2015–16 ബഡ്ജറ്റ് പ്രസംഗം പേജ് 15** : നാളീകേര മേഖലയുടെ സമഗ്രമായ തിരിച്ചുവരവിനും കേരകർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനും നീര ഉൽപ്പാദനം മികച്ച ഉപാധിയാകുമെന്ന് സർക്കാർ കരുതുന്നു. കൊച്ചിയിലെ നാളീകേര വികസന ബോർഡ് ഈ മേഖലയിൽ നടത്തിയിട്ടുള്ള നൂതനമായ ചുവടുവെപ്പുകൾ പരിഗണിച്ച് ബോർഡിന്റെ സഹകരണത്തോടെ നീര ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതാണ്. നീര ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കു

ന്നതിന്റെ ഭാഗമായി പൊതു ചടങ്ങുകളിലും സർക്കാർ അതിഥി മന്ദിരങ്ങളിലും പാക്കുചെയ്ത നീര ഒരു പാനീയമായി ഉൾപ്പെടുത്തുന്നതാണ്. ഇതിനായി 10 കോടി രൂപ നീക്കിവെയ്ക്കുന്നു. സംസ്ഥാനത്തെ ഓരോ നാളീകേര ഉത്പാദക കമ്പനിക്കും കെട്ടിട, യന്ത്രസാമഗ്രികൾക്ക് സഹായധനമായി ചെലവിന്റെ 25 % മോ 50 ലക്ഷം രൂപയോ ഏതാണോ കൂടുതൽ അത് നൽകുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു. ചില അയൽ സംസ്ഥാനങ്ങൾ ചെയ്തതുപോലെ കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25 % മൂലധനസഹായമായി കർഷക ഉൽപ്പാദക കമ്പനികൾക്ക് നൽകുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനായി കോടി രൂപ വകുയിരുത്തുന്നു. ഇതിനു വേണ്ടിയുള്ള സാമ്പത്തിക സഹായം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന അനുവദിക്കുന്നതാണ്. നീര ഉത്പാദനത്തിനായി ആകെ 30 കോടിരൂപ വകയിരുത്തുന്നു. വാർഷിക പദ്ധതിയിൽ കൃഷി വകുപ്പിന് അനുവദിച്ച 45 കോടി രൂപ കൂടി കണക്കിലെടുക്കുമ്പോൾ നാളീകേര മേഖലയ്ക്കുള്ള മൊത്തം വിഹിതം മുമ്പെങ്ങുമില്ലാത്തവിധം 75 കോടി രൂപയായി ഉയർന്നിരിക്കുകയാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനുള്ള സബ്സിഡി തുക നൽകിയിട്ടില്ല. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി കൃഷി വകുപ്പിൽ നിന്നും ഭരണാനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. നീര ഉത്പാദന യൂനിറ്റിനുള്ള സബ്സിഡിയായി കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയ്ക്ക് 50 ലക്ഷം രൂപ നാളികേര വികസന ബോർഡ് മുഖേന നൽകിയിട്ടുണ്ട്. പ്രസ്തുത തുകയാണ് ഇതുവരെ ആകെ ചിലവായ തുക.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 16** : തോട്ടം മേഖലയുടെ പുനരുജ്ജീവനം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കരുത്തുപകരുന്നതിൽ നിർണായകമാണ്. സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിയുടെ പശ്ചാത്ത

ലത്തിൽ ഒരു ആശ്വാസമെന്ന നിലയിൽ വ്യക്തികളുടെ ഉടമസ്ഥ തയിലുള്ള തോട്ടങ്ങൾക്കുള്ള പ്ലാന്റേഷൻ നികുതി പൂർണ്ണമായി ഒഴിവാക്കുന്നതാണ്. കമ്പനികൾ, സൊസൈറ്റികൾ, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾക്ക് പ്ലാന്റേഷൻ നികുതി തുടർന്നും ഈടാക്കുന്നതാണ്. ഇതു മൂലം 2 കോടി രൂപയുടെ റവന്യു നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കുന്നു.(2013-14 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ആവർത്തനം)

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 17** : കാർഷികമേഖലയുടെ ഉയർത്തെഴുന്നേൽപ്പ് സാധ്യമാകുന്നത് കാർഷികോൽപ്പാദനത്തിന്റെയും കാർഷിക ഉൽപ്പന്നങ്ങളുടെയും ആവശ്യകത വർദ്ധിക്കുന്നതിനെ ആശ്രയിച്ചാണ്. ഈ ഉദ്ദേശ്യം മുൻനിറുത്തി, 1.4.2015 നു ശേഷം ഉൽപാദനം നുടങ്ങുന്ന റബ്ബർ ഉൾപ്പെടയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിന് ഒരു പദ്ധതി ഞാൻ പ്രഖ്യാപിക്കുന്നു. ഈ പദ്ധതിയിൽ കീഴിൽ സംരഭകർ ബാങ്കിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ എടുക്കുന്ന വായ്പയുടെ പലിശ തുകയുടെ 50% പ്രതിവർഷം പരമാവധി 10 ലക്ഷം രൂപ വരെ മൂന്നു വർഷത്തേയ്ക്ക് സർക്കാർ വഹിക്കുന്നതാണ്. 20 കോടി രൂപ ഇതിലേക്കായി ഞാൻ മാറ്റി വെയ്ക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : ആർക്കും സബ്സിഡി തുക അനുവദിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 17** : സംസ്ഥാനത്ത്, സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിക്ക് സബ്സിഡി നൽകാനുള്ള ഒരു പദ്ധതി ഞാൻ അവതരിപ്പിക്കുന്നു. ഈ പദ്ധതിയിൽ, കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും സബ്സിഡി. 20 കോടി രൂപ ഇതിലേയ്ക്കായി ഞാൻ മാറ്റിവയ്ക്കുന്നു. കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ പൈലറ്റായി ഈ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി :**

**പദ്ധതി ആരംഭിച്ചിട്ടില്ല. തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 18** : കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് പുഷ്ടിപ്പെടുത്തുന്നതിന്റെ ഭാഗമായി തേനുൽപാദനം വർദ്ധിപ്പിക്കുന്നതിന് ഒരു 'ഹണി മിഷൻ' സ്ഥാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 43** : കേരളത്തിന്റെ ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ് കാർഷിക മേഖല. കഴിഞ്ഞ ദശകത്തിൽ ഈ മേഖലയിലുണ്ടായ തളർച്ചയിൽ നിന്നും നമുക്ക് കരകയറാനായതിനു പുറമെ വളർച്ചയുടെ പാതയിൽ മുന്നേറാനും കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിന് 687 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് ഞാൻ നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനും പുറമെ ഈ മേഖലയിലെ വിവിധ വികസന പദ്ധതികൾക്കായി 403.18 കോടി രൂപയും ഈ ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 43** : വിള ഇൻഷൂറൻസ് പദ്ധതികളിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കാനുദ്ദേശിച്ചുള്ള ഒരു സമഗ്ര നെൽവിള ഇൻഷൂറൻസ് സ്കീം ഉൾപ്പെടെയുള്ള വിവിധ വിള ഇൻഷൂറൻസ് പദ്ധതികൾക്കായി ഞാൻ 12.50 കോടി രൂപ നീക്കിവെക്കുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : പദ്ധതി ആരംഭിച്ചിട്ടില്ല. തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 43** : കേരള കാർഷിക സർവ്വകലാശാലയിൽ പുതിയ ഗവേഷണ പ്രോജക്ടുകൾക്കായി

2 കോടി രൂപയും കൃഷി വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നതിന് 7.34 കോടി രൂപയും അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾക്കായി 17 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 44** : കൃഷിവകുപ്പിന്റെ കീഴിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി ഒരു നൂതന പദ്ധതി ആരംഭിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. കീടനാശിനി ഉപയോഗിക്കാത്ത കാർഷികോൽപ്പന്നങ്ങൾ കുടുംബങ്ങളിലും, ഉപഭോക്താക്കളിലും എത്തിക്കുന്നതിന് ഇ-കൊമേഴ്സിന്റെ സാധ്യത പ്രയോജനപ്പെടുത്തി കൃഷിയിടങ്ങളിൽ നിന്നും കുടുംബത്തിലേക്ക് എന്ന നൂതനപദ്ധതിക്കായി ഈ വർഷം 10 കോടി രൂപ വകയിരുത്തുന്നു. മിൽമയുടെ മലബാർ യൂണിയനിലൂടെ ഈ സംരംഭം നടപ്പിലാക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 44** : ഹൈടെക് ഫാമിംഗ് തുടർന്നും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽകൃഷിക്കാർക്ക് നൽകുന്നതുപോലെ വൈദ്യുത സബ്സിഡി സംസ്ഥാനത്തിലെ ഹൈടെക് പോളി ഹൗസുകൾക്കും സൂക്ഷ്മകൃഷി സമ്പ്രദായത്തിനും അനുവദിക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുകയൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 44** : മണ്ണിന്റെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് ആധുതിക കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്. റെയിൻ ഷെൽട്ടർ കൾട്ടിവേഷൻ, ടിഷ്യു

കൾച്ചർ വഴിയുള്ച വാഴതൈകൾ, ഇലകളിൽ വളം സ്പ്രേ ചെയ്യൽ, അഗ്രി അക്വാപോണിക്സ് എന്നിവ പ്രചരിപ്പിക്കുന്നതിനാണ് മേൽപ്പറഞ്ഞ തുക വകയിരുത്തിയിരിക്കുന്നത്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുക യൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 45** : ഹരിപ്പാട്, കൂത്തുപറമ്പ്, മേലുകാവ്, കടുത്തുരുത്തി എന്നിവിടങ്ങളിൽ 4 പുതിയ കാർഷിക പോളിടെക്നിക്കുകൾ ആരംഭിക്കുന്നതാണ്. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുക യൊന്നും ചിലവഴിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 45** : സംസ്ഥാനത്ത് പഴം, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവാസി മലയാളികളുമായി ചേർന്ന് 'പ്രവാസി കേരള കൃഷി വികാസ്' എന്ന സംയുക്ത സംരംഭം ഞാൻ പ്രഖ്യാപിക്കുന്നു. പ്രവാസി മലയാളികളുടെ നിക്ഷേപം ഇതിനായി സ്വരൂപിക്കുന്നതാണ്.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : പദ്ധതി ആരംഭിച്ചിട്ടില്ല.**

**2015-16 ബഡ്ജറ്റ് പ്രസംഗം പേജ് 45** : സംസ്ഥാനത്തെ വെറ്റിനറി സേവനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 7 വെറ്റിനറി പോളി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് 1.70 കോടി രൂപ വകയിരുത്തുന്നു.

**ഈ പദ്ധതിയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ സർക്കാരിൽ നിന്നും ലഭിച്ച മറുപടി : തുക യൊന്നും ചിലവഴിച്ചിട്ടില്ല.**

അങ്ങനെ 13-ാം കേരള നിയമസഭയുടെ അഞ്ചാമത്തെ ബഡ്ജറ്റ് 12-2-2016 ന് അവതരിപ്പിക്കുകയായി. കഴിഞ്ഞ നാല് ബഡ്ജറ്റുകളുടെ ഒരു വിലയിരുത്തൽ നടത്തിയാൽ കഴിഞ്ഞ ബഡ്ജറ്റുകൾ സമ്പൂർണ്ണ പരാജയമായിരുന്നുവെന്ന് കാണാം.

**എന്തുകൊണ്ടാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാവാത്തത് ?**

ഇതിന് മൂന്ന് കാരണങ്ങളാണുള്ളത്. ഒന്നാമതായി കേരളത്തിന്റെ സാമ്പത്തിക അവസ്ഥ നമുക്കറിയാം. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന ഓരോ പദ്ധതികളും നടപ്പിലാക്കുകയാണെങ്കിൽ ഓരോ ദിവസവും കോടിക്കണക്കിന് രൂപ സംസ്ഥാന ഖജനാവിൽ നിന്നും പുറത്തേക്ക് ഒഴുകും. സംസ്ഥാന ഖജനാവിൽ നിന്നും ഇങ്ങനെ പണം പുറത്തേക്ക് ഒഴുകിയാൽ എല്ലാ മാസവും ഒന്നാം തിയ്യതി സർക്കാർ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും മന്ത്രിമാർക്കും ശമ്പളവും പെൻഷനും എഴുതിയെടുക്കാൻ ഖജനാവിൽ പണമുണ്ടാവില്ല. അതായത് നിലവിലുള്ള സാമ്പത്തിക അവസ്ഥയിൽ ഇവർക്ക് കൃത്യമായും ശമ്പളവും പെൻഷനും ലഭിക്കേണമെങ്കിൽ പദ്ധതികൾക്ക് വേണ്ടി പണം ചിലവഴിക്കപ്പെടാൻ പാടില്ല. പാവം ജനത്തെ പറ്റിക്കാനായി രാഷ്ട്രീയ നേതൃത്വം ബഡ്ജറ്റിൽ ജനപ്രിയ പദ്ധതികൾ പ്രഖ്യാപിച്ച് കയ്യടിവാങ്ങിക്കുന്നു. പിന്നാലെ പദ്ധതികൾക്ക് നീക്കിവെക്കുന്ന തുക ഉദ്യോഗസ്ഥ നേതൃത്വം ലാപ്സാക്കുന്നു. അങ്ങനെ പാവപ്പെട്ടവൻ ഖജനാവിലേക്ക് നിറയ്ക്കുന്ന നികുതി പണം തന്ത്രപൂർവ്വം രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ ലോബിയും കൂടി വീതം വെച്ചെടുക്കുമ്പോൾ കഴുതകളായ പാവം പൊതുജനം വീണ്ടും വിഡ്ഢികളാക്കപ്പെടുന്നു.

രണ്ടാമതായി സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാതെ പ്രഖ്യാപിക്കുന്ന പദ്ധതികളെ ഭരണ-പ്രതിപക്ഷം ഒന്നിച്ചു ചേർന്ന് ഗർഭാവസ്ഥയിൽ തന്നെ ദയാവധം നൽകുന്നു. അതായത് എല്ലാ വർഷവും മാർച്ച് 31ന് മുമ്പെ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കപ്പെടേണമെന്നതാണ് നിയമം. ബഡ്ജറ്റ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് മാർച്ച് 31 ന് മുമ്പ് പാസ്സാക്കുന്നതിനെ

യാണ് സമ്പൂർണ്ണ ബഡ്ജറ്റ് എന്ന് പറയുന്നത്. എന്നാൽ സംസ്ഥാന രൂപീകരണത്തിന് ശേഷം ആകെ 56 ബഡ്ജറ്റുകൾ അവതരിപ്പിച്ചെങ്കിലും ശങ്കരനാരായണൻ ധനകാര്യ വകുപ്പു മന്ത്രിയായപ്പോൾ 2004-05 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റല്ലാതെ കേരളചരിത്രത്തിൽ ഇന്നുവരെ ഒരു ബഡ്ജറ്റ് പോലും സമ്പൂർണ്ണമായി അവതരിപ്പിച്ച് പാസ്സാക്കാൻ കഴിഞ്ഞിട്ടില്ലായെന്നതാണ് വസ്തുത. എന്തുകൊണ്ട് സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കുന്നില്ലായെന്ന് ചോദിച്ചാൽ ഏക ഉത്തരം നമ്മുടെ എം.എൽ.എ മാർക്ക് നിയമസഭയിലിരുന്ന് മാർച്ച് 31 ന് മുമ്പ് ബഡ്ജറ്റ് ചർച്ചചെയ്ത് പാസ്സാക്കാൻ സമയമില്ല എന്നതാണ്. അതായത് തിരഞ്ഞെടുക്കപ്പെട്ടാൽ പിന്നെ തിരഞ്ഞെടുത്ത് അയച്ച ജനങ്ങളോടും സംസ്ഥാനത്തോടും ഇവർക്ക് ഉത്തരവാദിത്വമില്ല. സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാത്തത് ജനങ്ങളെയും സംസ്ഥാനത്തെയും എങ്ങനെ ബാധിക്കുന്നതെന്ന് മനസ്സിലാക്കിയാലെ അതിന്റെ ഗൗരവം മനസ്സിലാവുകയുള്ളൂ.

ബഡ്ജറ്റ് അവതരിപ്പിക്കാൻ ഒരു നിശ്ചിത ദിവസം ഭരണഘടന നിശ്ചയിച്ചിട്ടില്ലായെങ്കിൽ പോലും ഗവർണർ നിശ്ചയിക്കുന്ന (സാധാരണയായി ഫിബ്രവരി അവസാനമോ മാർച്ച് ആദ്യമോ) ഒരു വെള്ളിയാഴ്ച ദിവസമാണ് സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കപ്പെടാറ്. ബഡ്ജറ്റ് അവതരിപ്പിക്കാനായി വെള്ളിയാഴ്ച ദിവസം തിരഞ്ഞെടുത്തതിന്റെ കാരണം എം.എൽ.എ മാർക്ക് ബഡ്ജറ്റ് പഠിക്കാൻ മൂന്നു ദിവസത്തെ സമയം ലഭിക്കുമെന്നതുകൊണ്ടാണ്. അതിന് ശേഷം മൂന്ന് ദിവസം ബഡ്ജറ്റിനെ കുറിച്ചുള്ള പൊതു ചർച്ചയാണ്. പൊതു ചർച്ചയ്ക്ക് ശേഷം ബഡ്ജറ്റ് വിഷയ നിർണ്ണയ സമിതികളുടെ സൂക്ഷ്മ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി അയയ്ക്കുന്നു. പൊതു ചർച്ച അവസാനിച്ച അന്നു മുതൽ നാലാഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ വിഷയ നിർണ്ണയ സമിതികൾ എല്ലാ ധനാഭ്യർത്ഥനകളുടേയും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് സഭയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. പിന്നീടുള്ള 13 ദിവസങ്ങളിലായാണ് ധനാഭ്യർത്ഥനകളുടെ ചർച്ചകളും വോട്ടെടുപ്പും നടക്കുന്നത്.

ധനാഭ്യർത്ഥനകൾ പാസ്സാക്കിയ ശേഷം ഗവർണറുടെ അനുമതി ലഭിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചാൽ ബഡ്ജറ്റ് പ്രക്രിയ പൂർത്തീകരിക്കപ്പെടും. അതായത് ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കാൻ വേണ്ടത് 45 ദിവസമാണ്. എന്നാൽ തങ്ങളെ തിരഞ്ഞെടുത്ത ജനങ്ങൾക്ക് വേണ്ടി 45 ദിവസങ്ങൾ ചിലവഴിക്കാൻ നമ്മുടെ ജനപ്രതിനിധികൾക്ക് സമയമില്ലാത്തത് കാരണം സാധാരണയായി ബഡ്ജറ്റ് അവതരിപ്പിച്ച് തുടർന്ന് നാല് മാസത്തേക്കുള്ള വോട്ട്ഓൺഅക്കൗണ്ടും ധനകാര്യ ബില്ലും മാത്രം പാസ്സാക്കി സഭ പിരിയുകയുമാണ് പതിവ്.

മാർച്ച് 31 ന് മുമ്പ് ബഡ്ജറ്റ് ചർച്ച ചെയ്ത് പാസ്സാക്കാൻ കഴിയുന്നില്ലായെങ്കിൽ ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാന ഖജനാവിൽ നിന്നും ഒരു രൂപ പോലും പിൻവലിക്കാൻ കഴിയില്ല. അപ്രതീക്ഷിതമായ സാഹചര്യത്തിൽ മാർച്ച് 31 ന് മുമ്പ് ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയാതെ വന്നാൽ ഖജനാവ് സ്തംഭിക്കാതിരിക്കാനുള്ള താൽക്കാലിക സംവിധാനമാണ് വോട്ട് ഓൺഅക്കൗണ്ട്. എന്നാൽ കഴിഞ്ഞ 56 വർഷമായി ഈ താൽക്കാലിക സംവിധാനമാണ് കേരളത്തിൽ അനുവർത്തിച്ച് പോരുന്നത്. അതായത് മന്ത്രിമാരുടേയും എം.എൽ.എ.മാരുടേയും ഉദ്യോഗസ്ഥരുടേയും ശമ്പളവും പെൻഷനും ആനുകൂല്യങ്ങളും എഴുതിയെടുക്കാൻ വേണ്ടിമാത്രം മാർച്ച് 31 ന് മുമ്പ് വോട്ട്ഓൺഅക്കൗണ്ടും ധനകാര്യബില്ലും പാസ്സാക്കി സഭ പിരിയുകയാണ് പതിവ്. അതായത് തങ്ങളുടെ മാത്രം കാര്യം ഉറപ്പിച്ച് സഭ പിരിയുന്നു. സഭ പിരിഞ്ഞ് അടുത്ത ആറു മാസത്തിനിടയിലാണ് അടുത്ത സമ്മേളനം ചേരുന്നത്. അതിനിടയിൽ വിഷയ നിർണ്ണയ സമിതി സൂക്ഷ്മ പരിശോധന നടത്തിയ ബഡ്ജറ്റ് നാലോ അഞ്ചോ മാസത്തിന് ശേഷം ചേരുന്ന സഭയിൽ വീണ്ടും ചർച്ചചെയ്ത് പാസ്സാക്കുമ്പോഴേക്കും സാമ്പത്തിക വർഷത്തിന്റെ ആറ് മാസങ്ങൾ നഷ്ടപ്പെടുന്നു. അതിനുശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സർക്കാരിന്റെ ചുവപ്പുനാടയും ഉദ്യോഗസ്ഥർ ഉണ്ടാക്കിവെക്കുന്ന സാങ്കേതിക പ്രശ്നങ്ങളും മറികടക്കുമ്പോഴേക്കും സാമ്പ

ത്തിക വർഷം അവസാനിക്കുകയും പദ്ധതികളും ഫണ്ടും ലാപ്സാക്കുകയും ചെയ്യുന്നു. അങ്ങനെ പദ്ധതികളെ പരാജയപ്പെടുത്തിയാൽ മാത്രമേ എല്ലാമാസവും ശമ്പളത്തിനുള്ള പണം കണ്ടെത്താൻ കഴിയുകയുള്ളൂ. അങ്ങനെ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഭൂരിപക്ഷവും കേവലം പ്രഖ്യാപനങ്ങളിൽ ഒതുങ്ങുമ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എന്തെല്ലാം നടപ്പിലാക്കിയെന്ന് അന്വേഷിക്കേണ്ട പ്രതിപക്ഷം മൗനം പാലിക്കുന്നു. കാരണം തങ്ങൾ ഭരിക്കുമ്പോഴും ഇതൊക്കെ തന്നെയാണ് സംഭവിക്കുക എന്ന് അവർക്കും അറിയാം. അങ്ങനെ പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കികൊണ്ട് ചില ജനപ്രിയ പ്രഖ്യാപനങ്ങളിൽ പൊതിഞ്ഞ് പഴയപ്രഖ്യാപനങ്ങളുടെയും പദ്ധതികളുടെയും തനിയാവർത്തനവുമായി അടുത്ത ബഡ്ജറ്റ് വീണ്ടും എത്തുമ്പോൾ പാവം ജനങ്ങൾ വിഡ്ഢികളാക്കപ്പെടുന്നു.

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാവാത്തതിന്റെ മൂന്നാമത്തെ കാരണം ഭരണ-പ്രതിപക്ഷങ്ങളുടെ ഒത്തുകളിയാണ്. ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് വേണ്ടി പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾ ഏകോപിപ്പിക്കാനും അത് നടപ്പിലാക്കാനാവിശ്യമായ നിർദ്ദേശങ്ങൾ നൽകാനുമുള്ള ഉന്നതാധികാര സമിതിയാണ് സംസ്ഥാനതല കാർഷിക വികസന സമിതി. നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളും അവരുടെ കർഷക സംഘടനകളുടെ പ്രതിനിധികളും അവരുടെ കർഷക തൊഴിലാളി സംഘടനകളുടെ പ്രതിനിധികളും പട്ടികജാതി/പട്ടികവർഗ്ഗ കർഷക പ്രതിനിധികളും വനിതാ പ്രതിനിധികളും കൂടാതെ അനൗദ്യോഗിക അംഗങ്ങളായി പുറമെ നിന്ന് ഒരു കേരകർഷക പ്രതിനിധിയും ഒരു നെൽകർഷക പ്രതിനിധിയും ഉൾപ്പെടെ ഏഴ് കർഷക പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന ഈ ഉന്നതാധികാര സമിതിയുടെ ചെയർമാൻ മുഖ്യമന്ത്രിയും കൺവീനർ കൃഷിവകുപ്പ് മന്ത്രിയുമാണ്. നിയമപ്രകാരം ആറുമാസത്തിലൊരിക്കൽ യോഗം ചേരേണ്ട ഈ ഉന്നതാധികാര ജനാധിപത്യ സമിതിയുടെ യോഗം ചേർന്നിട്ട് വർഷം 14 കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ കാലത്തും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാ

റിന്റെ കാലത്തും ഈ സമിതിയുടെ ഒരു യോഗം പോലും ചേർന്നിട്ടില്ല. 14 വർഷത്തിന് ശേഷം കഴിഞ്ഞ സെപ്റ്റംബർ മാസത്തിലാണ് ഒരു യോഗം ചേർന്നത് അതും ഒരു ചടങ്ങ് മാത്രം. പിന്നെ എങ്ങനെയാണ് ഇവർക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ കഴിയുക. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓരോ പദ്ധതികളും എത്രമാത്രം നിർവ്വഹിക്കപ്പെട്ടുവെന്ന് നികുതി നൽകുന്ന പൊതുജനത്തിന് അറിയാനാണ് പെർഫോർമൻസ് ബഡ്ജറ്റുകൾ അവതരിപ്പിക്കുന്നത്. എന്നാൽ പദ്ധതികൾ സർക്കാറുകൾ തന്നെ അട്ടിമറിക്കാൻ തുടങ്ങിയതോടെ ഇക്കാര്യം പൊതുജനങ്ങളിൽ നിന്നും മറച്ചുവെക്കാൻ വേണ്ടി പെർഫോർമൻസ് ബഡ്ജറ്റുകൾ അവതരിപ്പിക്കുന്ന നടപടികൾ .ഇടത്-വലത് സർക്കാറുകൾ നിർത്തലാക്കി. ഇങ്ങനെയുള്ള ഇവർക്ക് കർഷകന്റെ കാര്യം പറയാൻ ധാർമ്മികമായ എന്ത് അവകാശമാണുള്ളത്.

കഴിഞ്ഞ സർക്കാറിന്റെ കാലത്തെ കാര്യങ്ങൾ ശരിയായിരുന്നുവെന്ന് ഞങ്ങളുടെ ഈ കുറ്റപത്രം കൊണ്ട് അർത്ഥമാക്കുന്നില്ലായെന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് കഴിഞ്ഞ സർക്കാറിന്റെ കാലത്തെ അവസ്ഥയും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലായെന്നും അക്കാര്യങ്ങൾ തുടർന്നുള്ള വായനയിൽ താങ്കൾക്ക് ബോധ്യമാവുമെന്നും ഞങ്ങൾ ആദ്യമേ പറഞ്ഞത് ഇതുകൊണ്ടാണ്. അതായത് വലതു പക്ഷവും ഇടതുപക്ഷവും കൂടി വർഷങ്ങളായി ഇവിടുത്തെ ഭൂരിപക്ഷ കർഷക സമൂഹത്തെ ബോധപൂർവ്വം വഞ്ചിച്ചുകൊണ്ടിരിക്കുകയായിരുന്നു. വോട്ടുചെയ്യുന്ന ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവനെ വിഡ്ഢികളാക്കികൊണ്ട് ജനസംഖ്യയിൽ മൂന്ന് ശതമാനം മാത്രം വരുന്ന ഈ രണ്ട് രാഷ്ട്രീയ വിഭാഗങ്ങളിലെ നേതാക്കന്മാരും ഉദ്യോഗസ്ഥരുമടങ്ങുന്ന ന്യൂനപക്ഷം സംസ്ഥാനത്തെ പൊതു വരുമാനവും പ്രകൃതി വിഭവങ്ങളും സാമൂഹികോത്പാദനോപാധികളും വീതം വെച്ചെടുക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫിന്റെ ഭരണകാലത്ത് 3381 പേരും അതിന് ശേഷം അധികാരത്തിൽ വന്ന എൽ.ഡി.എഫിന്റെ ഭരണകാലത്ത് 3058

പേരും, ഇപ്പോഴത്തെ യു.ഡി.എഫിന്റെ ഭരണകാലത്ത് 2014 ഡിസംബർ 31 വരെയുള്ള കണക്കനുസരിച്ച് 1298 പേരും കട കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യേണ്ടിവന്നു. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കുകൾ പ്രകരം 2002 ൽ കേര ളീയ കുടുംബത്തിൽ 31.25 ശതമാനം കുടുംബങ്ങൾക്ക് മാത്ര മായിരുന്നു കടബാധ്യതയെങ്കിൽ 2013 ആയതോടെ 77.7 ശത മാനം കേരളീയ കുടുംബവും കടുത്ത കടബാധ്യതയിൽ അക പ്പെട്ടിരിക്കുന്നു. ദേശീയതലത്തിൽ ഒരു കുടുംബത്തിന്റെ ശരാ ശരി കടബാധ്യത 47,000 രൂപയാണെങ്കിൽ കേരളത്തിലെ ഒരു കുടുംബത്തിന്റെ ശരാശരി കടബാധ്യത 2.14 ലക്ഷം രൂപയാണ്. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കുകളെ തന്നെ ആശ്ര യിച്ചാൽ 1992ൽ കേരളത്തിലെ ഭൂരഹിതർ 6 ശതമാനം മാത്രമാ യിരുന്നത് 2002 ആയപ്പോൾ 38.6 ശതമാനവും 2012 ആയപ്പോൾ അത് 51.3 ശതമാനവുമായി വർദ്ധിച്ചു.

ആര് എന്ത് തന്നെ പറഞ്ഞാലും ഔദ്യോഗിക രേഖകളും കണക്കുകളും പ്രകാരം നമ്മുടെ സംസ്ഥാനം കടുത്ത സാമ്പ ത്തിക പ്രതിസന്ധിയിൽ അകപ്പെട്ടുകഴിഞ്ഞിരിക്കുന്നു. രാജ്യത്തെ ഏറ്റവും ചെറിയ സംസ്ഥാനമായ കേരളം രാജ്യത്ത് ഏറ്റവും കൂടുതൽ കടബാധ്യതയുള്ള സംസ്ഥാനമായി മാറി കഴി ഞ്ഞു. ഈ സാമ്പത്തിക പ്രതിസന്ധി നാളെ മറ്റൊരു വലിയ സാമൂഹ്യപ്രതിസന്ധിയിലേക്ക് നമ്മുടെ സമൂഹത്തെ കൊണ്ടു പോവുമെന്ന കാര്യത്തിൽ സംശയമില്ല. കാരണം പൊതുവരു മാനം ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെടു കയും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഭയാനക മായ രീതിയിൽ വർദ്ധിക്കുകയും ചെയ്യുമ്പോൾ ആ സമൂഹ ത്തിൽ സാമൂഹിക അരക്ഷിതാവസ്ഥ ഉണ്ടാവുമെന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്തെ പൊതു ആവിശ്യങ്ങൾ നിറവേ റ്റാനായി സ്വരൂപിക്കപ്പെടുന്ന റവന്യൂ വരുമാനം എന്തിനു വേണ്ടി വിനിയോഗിക്കപ്പെടുന്നുവെന്ന് നാം മനസ്സിലാക്കേണം. ലഭ്യമായ വരുമാനം വിനിയോഗിക്കപ്പെടുമ്പോൾ അതിന്റെ ഫലം എല്ലാ വിഭാഗം ജനങ്ങൾക്കും ആനുപാതികമായി അനുഭവിക്കാൻ കഴി

യുന്ന വ്യവസ്ഥിതിയെയാണല്ലോ നാം സോഷ്യലിസം എന്ന് പറയുന്നത്. എന്നാൽ കേരളത്തിലെ റവന്യൂ വരുമാനം വിനിയോഗിക്കപ്പെടുമ്പോൾ അതിന്റെ ഫലം അനുഭവിക്കുന്നത് സമൂഹത്തിലെ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമാണ്.

നിലവിൽ 3,33,87,677 ജനസംഖ്യയുള്ള കേരളത്തിൽ 4,79,994 സർക്കാർ ജീവനക്കാരും 5,28,296 പെൻഷൻകാരുമാണുള്ളത്. അതായത് ജനസംഖ്യയുടെ മൂന്ന് ശതമാനം മാത്രം. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 62 ശതമാനവും വിനിയോഗിക്കപ്പെട്ടത് ഉദ്യോഗസ്ഥർക്ക് ശമ്പളവും പെൻഷനും നൽകാൻ വേണ്ടി മാത്രമാണ്. കൂടാതെ മന്ത്രിമാരുടെയും എം.എൽ.എ. മാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിന്റെയും ശമ്പളം,പെൻഷൻ,യാത്രാബത്ത, ഫോൺ ചിലവ്, വാടക, ചികിത്സാചിലവ്, ചായസൽക്കാരം തുടങ്ങി ഭരണപരമായ ചിലവുകൾക്ക് ചിലവാകുന്ന ഏഴ് ശതമാനവും കുടി കൂട്ടുമ്പോൾ ഉദ്യോഗസ്ഥരും പെൻഷൻകാരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ജനസംഖ്യയുടെ കേവലം മൂന്ന് ശതമാനം മാത്രം വരുന്ന ജനത്തെ സംരക്ഷിക്കാൻ വേണ്ടിയാണ് റവന്യൂവരുമാനത്തിന്റെ 69 ശതമാനവും വിനിയോഗിക്കപ്പെടുന്നത്. അങ്ങനെ വരുമ്പോഴാണ് ബാക്കിവരുന്ന 97 ശതമാനം ജനങ്ങളുടെ അടിസ്ഥാന ആവിശ്യങ്ങൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികൾക്കും അതിലുപരി സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കും വേണ്ടി സർക്കാരിന് കടം വാങ്ങിക്കേണ്ടി വരുന്നത്. അങ്ങനെ വാങ്ങിച്ച കടത്തിന്റെ പലിശ തിരിച്ചടയ്ക്കുന്ന വകയിൽ 19 ശതമാനവും കൂടി ചിലവഴിക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ 88 ശതമാനവും തീരുന്നു. പുതിയ ശമ്പള പരിഷ്ക്കരണത്തോടെ ശമ്പളത്തിനും പെൻഷനും മാത്രമായി റവന്യൂ വരുമാനത്തിന്റെ 80 ശതമാനം വേണ്ടിവരുന്നു. അതായത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം പൂർണ്ണമായും അതിന് പുറമെ ആറ് ശതമാനവും കൂടി കടമെടുത്താൽ മാത്രമേ ഇപ്പോൾ നിലവിലുള്ള ജീവനക്കാർക്കും

പെൻഷൻകാർക്കും ശമ്പളവും പെൻഷനും നൽകാൻ കഴിയുകയുള്ളൂ. ശമ്പള വർദ്ധനവിലൂടെ ഉദ്യോഗസ്ഥരുടെ കീശയിലേക്ക് പോകുന്ന റവന്യൂ വരുമാനത്തിൽ അവരുടെ ചിലവ് കഴിച്ച് വരുന്ന ബാക്കി തുക നിഷ്ക്രിയ സമ്പാദ്യമായി മാറുമ്പോൾ  അതുകൊണ്ട് സർക്കാരിനോ സമൂഹത്തിനോ ഒരു ഗുണവും ലഭിക്കുന്നില്ല. അതായത് 35000 രൂപ ശമ്പളം ലഭിച്ചിരുന്ന ഒരു ഉദ്യോഗസ്ഥന്റെ ശമ്പളം 50000 രൂപയായി വർദ്ധിപ്പിച്ചാലും അദ്ദേഹം ഉപയോഗിക്കുന്ന ഉൽപ്പന്നത്തിന്റെ അളവ് വർദ്ധിക്കുന്നില്ല. 100 ഗ്രാം അരിയുടെ ചോറ് കഴിക്കുന്ന വ്യക്തിക്ക് ശമ്പളം വർദ്ധിച്ചുവെന്നതിന്റെ പേരിൽ 200 ഗ്രാം അരിയുടെ ചോറ് കഴിക്കാൻ കഴിയുകയില്ല. വാങ്ങിക്കുന്ന ഉൽപ്പന്നത്തിന്റെ ഗുണ നിലവാരം ചിലപ്പോൾ വർദ്ധിപ്പിച്ചെന്നിരിക്കാം. അപ്പോഴും 15,000 രൂപ പ്രതിമാസം ചിലവ് വന്നിരുന്ന വ്യക്തിയുടെ ചിലവ് 20,000 രൂപയായി വർദ്ധിക്കാമെന്ന് മാത്രമേയുള്ളൂ. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഉദ്യോഗസ്ഥരെയും ബാധിക്കില്ലേയെന്ന ഒരു മറുചോദ്യം ഉണ്ടാവാം. പക്ഷെ വില വർദ്ധനവിനനുസരിച്ച് അതാത് കാലഘട്ടങ്ങളിൽ ശമ്പളത്തിന്റെ കൂടെ ഡി. എ. വർദ്ധിപ്പിക്കുന്നത് കൊണ്ട് ഈ ചോദ്യത്തിന് പ്രസക്തിയില്ല..

35,000 രൂപ ശമ്പളം ലഭിച്ചപ്പോൾ 15,000 രൂപ ചിലവും കഴിച്ച് ബാക്കി വന്നിരുന്ന 20,000 രൂപമാത്രമായിരുന്നു നിക്ഷേപങ്ങളിൽ നിഷ്ക്രിയമായിരുന്നതെങ്കിൽ ശമ്പളം 50,000 രൂപയായി വർദ്ധിച്ചപ്പോൾ ചിലവ് 20,000 രൂപയായി വർദ്ധിപ്പിച്ചെങ്കിലും നിക്ഷേപങ്ങളിൽ നിഷ്ക്രിയമാകുന്ന തുക 20,000 ൽ നിന്ന് 30,000 ആയി വർദ്ധിച്ചു. അതായത് ശമ്പള വർദ്ധനവിലൂടെ ന്യൂനപക്ഷമായ ഒരു വിഭാഗത്തിന്റെ ജീവിത നിലവാരം ഉയരുന്നതോടൊപ്പം നിഷ്ക്രിയമാക്കപ്പെടുന്ന പൊതുവരുമാനത്തിന്റെ തോത് ക്രമാതീതമായി വർദ്ധിക്കുകയും സർക്കാർ ഖജനാവിൽ നിന്നും പുറത്തേക്കൊഴുകുന്ന പൊതുവരുമാനം കൊണ്ട് പൊതുകമ്പോളത്തിലെ വിനിമയത്തിലൂടെ ഉയരേണ്ട ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ ജീവിത നിലവാരം താഴോ

ട്ടുപോകുന്നു. അഞ്ച് ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിലും ഷെയർമാർക്കറ്റിലും അല്ലെങ്കിൽ അവർ വാങ്ങിക്കുന്ന ഭൂമിയിലോ സ്വർണ്ണത്തിലോ നിഷ്ക്രിയമാക്കപ്പെടുന്ന പൊതുവരുമാനം പൊതുജനങ്ങളിലൂടെ പൊതുമാർക്കറ്റിലേക്കും അതുവഴി പൊതുസമൂഹത്തിലേക്കും എത്തുമ്പോൾ മാർക്കറ്റും സമൂഹവും സമൂഹത്തെ ആശ്രയിക്കുന്ന വലിയ ഒരുവിഭാഗം ജനങ്ങളുടെ ജീവിത നിലവാരവും ഉയരുകയും അതുവഴി കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയും ചലനാത്മകമാവുകയും ചെയ്യും. ഇങ്ങനെ ലഭ്യമായ വരുമാനത്തെ പരമാവധി ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയേണമെങ്കിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായിനടപ്പിലാക്കാൻ കഴിയേണം. ഒരു ന്യൂനപക്ഷത്തിന്റെ മാത്രം വീടുകളിലല്ല മറിച്ച് സംസ്ഥാനത്തെ മുഴുവൻ വീടുകളിലും എത്തേണ്ടതാണ് സംസ്ഥാനത്തിന്റെ പൊതുവരുമാനമെന്ന കാഴ്ചപ്പാടാണ് നമുക്ക് വേണ്ടത്.

ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്നതിനെയോ ശമ്പളം വർദ്ധിപ്പിക്കുന്നതിനെയോ അല്ല ഞങ്ങൾ എതിർക്കുന്നത്. സ്വാതന്ത്ര്യം ലഭിച്ച് 67 വർഷങ്ങൾ പിന്നിടുമ്പോൾ ഭരണഘടനയുടെ ആമുഖത്തിൽ പറഞ്ഞിരിക്കുന്ന സോഷ്യലിസമെന്ന വാക്കിന്റെ അർത്ഥം പോലുമറിയാതെ കേവലം രാഷ്ട്രീയ ലാഭത്തിനായി അശാസ്ത്രീയവും ദീർഘവീക്ഷണമില്ലാതെയും രാഷ്ട്രീയ നേതൃത്വങ്ങൾ നടപ്പിലാക്കുന്ന നയപരിപാടികൾ കാരണം ഒരു ന്യൂനപക്ഷത്തിന്റെ മാത്രം ജീവിതനിലവാരം ഉയർന്നുകൊണ്ടിരിക്കുകയും മഹാഭൂരിപക്ഷത്തിന്റെ ജീവിതനിലവാരം താഴ്ന്നുകൊണ്ടിരിക്കുകയും ചെയ്യുകയാണെന്ന വസ്തുത തിരിച്ചറിയുന്നതുകൊണ്ടാണ് ഞങ്ങളിത് പറയുന്നത്. കാരണം 2004-05 സാമ്പത്തിക വർഷത്തെ കേരളത്തിന്റെ കടബാധ്യത കേവലം 41878 കോടി രൂപയായിരുന്നുവെങ്കിൽ 10 വർഷം കഴിഞ്ഞപ്പോൾ 2014-15 ൽ കേരളത്തിന്റെ കടബാധ്യത 1,50,000 കോടി രൂപയിലേക്കാണ് എത്തിയിരിക്കുന്നത്. 2015-16 സാമ്പത്തിക വർഷം പിന്നിടുമ്പോൾ കടബാധ്യതയിൽ കാര്യത്തിൽ കേരളം ആന്ധ്രപ്രദേശിനെയും മറികടക്കും.

| സംസ്ഥാനം | ജനസംഖ്യ | വരുമാനം | കടബാധ്യത |
|---|---|---|---|
| കേരളം | 33397677 | 54790 | 1,49,000 |
| ആന്ധ്ര | 84580777 | 95491 | 1,54,950 |
| കർണ്ണാടക | 61130704 | 84884 | 1,14,401 |

ഏറ്റവും കൂടുതൽ ആളോഹരി കടബാധ്യതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിലും കേരളം ഒന്നാം സ്ഥാനത്താണെന്ന് കാണാം. 2004-2005 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ ആളോഹരി കടബാധ്യത 13153 രൂപയായിരുന്നുവെങ്കിൽ 10 വർഷം കൊണ്ട് ഇന്നത്തെ ആളോഹരി കടബാധ്യത 35646 രൂപയായി വർദ്ധിച്ചിരിക്കുന്നു.

ഉദ്യോഗസ്ഥർക്ക് ഏറ്റവും കൂടുതൽ ശമ്പളം നൽകുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ജനസംഖ്യയിൽ 1.5 ശതമാനം മാത്രം വരുന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ 41 ശതമാനവും ശമ്പളം നൽകാൻ വേണ്ടി മാത്രം നീക്കിവെക്കുമ്പോൾ കർണാടക 20 ശതമാനവും ആന്ധ്ര 24 ശതമാനവും മാത്രമേ ഈ ഇനത്തിൽ ചിലവഴിക്കപ്പെടുന്നുള്ളുവെന്നാണ് വിവരാവകാശ രേഖപ്രകാരമുള്ള കണക്കുകൾ വ്യക്തമാക്കുന്നത്.

| സംസ്ഥാനം | ഉദ്യോഗസ്ഥർ | ശമ്പളം | വരുമാനം |
|---|---|---|---|
| കേരളം | 479994 | 22431 | 54790 |
| ആന്ധ്ര | 1077101 | 23278 | 95491 |
| കർണ്ണാടക | 703631 | 17220 | 84884 |

പെൻഷന്റെ കണക്ക് പരിശോധിക്കുമ്പോഴും ഏറ്റവും കൂടുതൽ തുക പെൻഷൻ ഇനത്തിൽ ചിലവഴിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ ജനസംഖ്യയിൽ 1.5 ശതമാനം മാത്രം വരുന്ന പെൻഷൻകാർക്ക് റവന്യു വരുമാനത്തിന്റെ 21 ശതമാനം ചെലവഴിക്കപ്പെടുമ്പോൾ ആന്ധ്ര കേവലം 13 ശതമാനവും കർണ്ണാടക റവന്യു വരുമാനത്തിന്റെ 9 ശതമാനവും മാത്രമേ ഈ ഇനത്തിൽ ചിലവഴിക്കുന്നുള്ളൂ.

| സംസ്ഥാനം | പെൻഷൻകാർ | പെൻഷൻ |
|---|---|---|
| കേരളം | 528296 | 11252 കോടി |
| ആന്ധ്ര | 566286 | 12183 കോടി |
| കർണാടകം | 501000 | 7500 കോടി |

**രാഷ്ട്രീയ സാക്ഷരത കൈവരിച്ച കേരളത്തിൽ എന്തു കൊണ്ടാണിങ്ങനെയൊക്കെ സംഭവിക്കുന്നത് ?**

കേരളത്തിൽ ജനാധിപത്യ ഭരണ സംവിധാനമാണ് നില നിൽക്കുന്നതെങ്കിലും യഥാർത്ഥത്തിൽ ഉദ്യോഗസ്ഥ ഭരണമാണ് നടക്കുന്നത്. അതിന്റെ കാരണം ഇന്നത്തെ കേരള നിയമസഭ യിൽ പ്രാഥമിക വിദ്യഭ്യാസം മാത്രമുള്ള രണ്ട് എം.എൽ.എ.മാർ ഉൾപ്പെടെ മുപ്പത്തി രണ്ടോളം എം.എൽ.എമാർ പത്താം തര ത്തിൽ വിദ്യഭ്യാസം അവസാനിപ്പിച്ചവരാണ്. ഇവർക്ക് എങ്ങനെ നിയമനിർമ്മാണം നടത്താൻ കഴിയും ? ഐ.എ.എസ്സും, ഐ. പി.എസ്സും, ബിരുദവും ബിരുദാനന്ത ബിരുദവുമുള്ള ഉദ്യോഗ സ്ഥരെ ഭരിക്കാൻ ഇവർക്ക് എങ്ങനെ കഴിയും ? രോഗം വന്നാൽ നമുക്ക് ഡോക്ടർ വേണം. നിയമപ്രശ്നങ്ങൾ വന്നാൽ നമുക്ക് അഭിഭാഷകർ വേണം. വീടുണ്ടാക്കാൻ എഞ്ചിനീയർ വേണം. സർക്കാരിന്റെ ഓരോ ജോലിചെയ്യാനും അതിനനുസരിച്ച് യോഗ്യതയുള്ള ഉദ്യോഗസ്ഥർ വേണം. അങ്ങനെ ഓരോ ജോലിക്കും അതിൽ പ്രാവീണ്യം നേടിയവർ വേണം. എന്നാൽ രാജ്യത്തെയും രാജ്യത്തെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന നിയമമുണ്ടാക്കാൻ നാം തിരഞ്ഞെടുക്കുന്നത് പ്രാഥമിക വിദ്യ ഭ്യാസം പോലും പൂർത്തീകരിക്കാത്തവരെ. പിന്നെ എങ്ങനെ നമ്മുടെ നാട് നന്നാവും ? എന്താണ് പ്രാതിനിധ്യ ജനാധിപത്യ ത്തിന്റെ അർത്ഥമെന്നറിയാത്ത അഭ്യസ്ഥവിദ്യരായ മലയാളി കൾ തങ്ങൾ വിശ്വസിച്ച് പോയ രാഷ്ട്രീയ പ്രസ്ഥാനം ഒരു പട്ടിയെ സ്ഥാനാർത്ഥിയാക്കിയാൽ പട്ടിക്കുപോലും വോട്ടുചെ യ്യുന്നവിധത്തിൽ അധ:പതിച്ചപ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് ജനാധിപത്യത്തിന്റെ മഹത്തായ ലക്ഷ്യമാണ്. യഥാർത്ഥ ജനാ ധിപത്യത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളാൻ നാം തയ്യാറാ

വാത്ത കാലത്തോളം നമ്മുടെ നാട്ടിൽ ഇങ്ങനെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കും. ഉദ്യോഗസ്ഥർ വെച്ചുനീട്ടുന്ന കടലാസിലുള്ള കാര്യങ്ങൾ വായിക്കാനറിയാത്തവർക്ക് ഉദ്യോഗസ്ഥരെ ആശ്രയിക്കാതെ ഭരിക്കാൻ കഴിയില്ല. അതുകൊണ്ട് തന്നെ സംസ്ഥാനം ഉദ്യോഗസ്ഥ ഭരണത്തിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. മൂന്നു കോടി ജനങ്ങൾ നൽകുന്ന നികുതി പണത്തിന്റെ 80 ശതമാനവും മൂന്ന് ശതമാനം മാത്രമുള്ള ഉദ്യോഗസ്ഥർക്ക് വീതം വെച്ച് നൽകാൻ മാത്രം നമുക്ക് ഒരു ഭരണകൂടത്തിന്റെ ആവിശ്യമുണ്ടോ ?

വായ്പ തിരിച്ചടയ്ക്കാൻ ഗതിയില്ലാത്ത വീട്ടമ്മ തന്റെ ഗർഭപാത്രം വാടകയ്ക്ക് നല്കി കടം വീട്ടാൻ പത്രപരസ്യം ചെയ്ത, മക്കളുടെ വിദ്യഭ്യാസത്തിനും ഒരുനേരത്തെ ഭക്ഷണത്തിനും വേണ്ടി ശരീരം വിറ്റ് കുടുംബം പുലർത്തുന്ന 27458 സഹോദരിമാരുള്ള സംസ്ഥാനത്ത്, മൂന്നു ദിവസത്തിൽ ഒരു ഉദ്യോഗസ്ഥൻ എന്ന കണക്കിൽ കൈക്കൂലി കേസിൽ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ സർക്കാർ ജീവനക്കാർക്ക് അഞ്ച് വർഷം കൂടുമ്പോൾ ശമ്പള വർദ്ധനവ്. ആദിവാസി സ്ത്രീകൾ ചികിത്സ കിട്ടാതെ മരണപ്പെടുകയും റോഡരികിൽ പ്രസവിക്കുകയും ചെയ്യുമ്പോൾ നിയമസഭയിലെ ഏറ്റവും വലിയ കോടീശ്വരനായ ജനപ്രതിനിധി ചികിത്സാധനസഹായമായി കൈപ്പറ്റിയത് 1,91,14,366 രൂപ. അങ്ങനെ കേരളത്തിലെ പൊതുവരുമാനവും പ്രകൃതിവിഭവങ്ങളും സാമൂഹികോത്പാദനോപാധികളും രാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങൾ വീതം വെച്ചെടുക്കുമ്പോൾ വോട്ട് ചെയ്യാൻ വേണ്ടി മാത്രം വിധിക്കപ്പെട്ട രാഷ്ട്രീയാന്ധത ബാധിച്ച പൊതു സമൂഹം ഇനിയെങ്കിലും ഉണരേണ്ടിയിരിക്കുന്നു. വരാൻ പോകുന്ന സാമ്പത്തികപ്രതിസന്ധിയ്ക്കും അതിൽനിന്നും പൊട്ടിപുറപ്പെടാവുന്ന സാമൂഹ്യ അരക്ഷിതാവസ്ഥയ്ക്കും നമ്മുടെ മഹത്തായ ജനാധിപത്യം വലിയ വില നൽകേണ്ടിവരുമെന്ന് നാം മനസ്സിലാക്കേണം. അതുകൊണ്ട് പൊതുസമൂഹമേ ഇനിയെങ്കിലും ഉണരൂ നീ.